കേരള സർക്കാർ

# കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

# വേളൂക്കര ഗ്രാമപഞ്ചായത്ത്

2018-19

# ഓഡിറ്റ് റിപ്പോർട്ട്

ജില്ലാ ഓഡിറ്റ് കാര്യാലയം,തൃശ്ശൂർ

e-mail:dotsr.ksad@kerala.gov.in

(രജിസ്റ്റർ ചെയ്തു കൈപ്പറ്റു ചീട്ടു സഹിതം)

നം.കെ.എസ്.എ.ടി.എസ്.ആർ പി1-710/2020

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്,
ജില്ലാ ഓഡിറ്റ് കാര്യാലയം

തൃശ്ശൂർ – 6800020
ഫോൺ : 0487-2331249
ഇ-മെയിൽ : dotst.ksad@kerala.gov.in

തീയതി:10/08/20

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ്, (സെക്രട്ടറി മുഖേന)

വേളൂക്കര ഗ്രാമ പഞ്ചായത്ത്

സർ,

വിഷയം : വേളൂക്കര ഗ്രാമപഞ്ചായത്ത് - 2018-19 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് - സംബന്ധിച്ച്

**********************************

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, 1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം 215(4)എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം വേളൂക്കര ഗ്രാമപഞ്ചായത്തിന്റെ 2018-19 സാമ്പത്തികവർഷത്തെ ധനകാര്യപത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1) ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയയ്ക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1ലെ ഖണ്ഡിക 20ലേയ്ക്ക് പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു.

ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസക്ത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ്.

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പഞ്ചായത്തിന്റെ പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും, ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ പഞ്ചായത്ത് എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15).

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1)ചട്ടം 20,23, 1997 കേരളാ പഞ്ചായത്ത് രാജ് പരിശോധനാ രീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)എന്നിവ കാണുക)

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ് :

1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം(ഉപരിപത്രം സഹിതം)

2) പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ

3) കാര്യാലയ പകർപ്പ്

നം. കെ.എസ്.എ.ടി.എസ്.ആർ പി1-710/2020, തിയ്യതി : 10/08/20

## തൃശ്ശൂർ ജില്ലയിലെ വേളൂക്കര ഗ്രാമപഞ്ചായത്തിന്റെ 2018-19 സാമ്പത്തിക വർഷത്തെ ധനകാര്യപത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം- വകുപ്പ് 215(4) , 1994 ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം - വകുപ്പ് 13, 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18 എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

തൃശ്ശൂർ ജില്ലയിലെ വേളൂക്കര ഗ്രാമപഞ്ചായത്തിന്റെ 2018-19 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. പഞ്ചായത്ത് 7.10.2018 മുതൽ 31-12 -2019 തിയ്യതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക്, 2018-19 സാമ്പത്തിക വർഷം വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ പഞ്ചായത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. 15 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 7 എണ്ണത്തിന് മറുപടി ലഭിച്ചിട്ടുണ്ട്. ഓഡിറ്റ് പരാമർശങ്ങൾ ഓഡിറ്റ് സമാപനയോഗത്തിൽ അവതരിപ്പിക്കുകയും മറുപടി പരിഗണിക്കുകയും ചെയ്ത ശേഷം പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ചേർത്തിരിക്കുന്നത്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിന്മേലുള്ള തുടർ നടപടികൾ പഞ്ചായത്ത് സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്നു ലഭ്യമായ രജിസ്റ്ററുകളുടേയും രേഖകളുടേയും വിവരങ്ങളുടേയും വിശദീകരണത്തിന്റേയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരത്തിന്റേയോ ലഭ്യമാക്കാത്ത വിവരത്തിന്റേയോ കാര്യത്തിൽ കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

(എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

| | | |
|---|---|---|
| ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ | ശ്രീമതി.മേരി ഹണി ജോസഫ്, ഡെപ്യൂട്ടി ഡയറക്ടർ | |
| ഓഡിറ്റിന് വിനിയോഗിച്ച സമയം | 06.07.2020 മുതൽ 15.07.2020 വരെ | |
| ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ | ഷീന.കെ.ടി. | ഓഡിറ്റ് ഓഫീസർ |
| | വിജയശ്രീ.പി | ഓഡിറ്റ് ഓഫീസർ |
| | സുമിത.ടി.എസ് | അസി.ഓഡിറ്റ് ഓഫീസർ |
| | ധന്യ ദിലീപ് | ഓഡിറ്റർ |

(ബി)നിർവ്വഹണാധികാരികൾ

| പേര് | ഉദ്യോഗപേര് | കാലയളവ് |
|---|---|---|
| ഇന്ദിര തിലകൻ | പ്രസിഡന്റ് | 1.04.2018 മുതൽ 31.03.2019 വരെ |
| കെ.എഫ്. ആൻറണി | സെക്രട്ടറി | 1.04.2018 മുതൽ 11.01.2019 വരെ |
| രജനി.എം.കെ | സെക്രട്ടറി ഇൻ ചാർജ് | 12.01.2019മുതൽ 5.03.2019 വരെ |
| ഉണ്ണികൃഷ്ണൻ.വി.എ | സെക്രട്ടറി | 6.03.2019 മുതൽ 31.03.2019 വരെ |

<u>സി)നിർവ്വഹണഉദ്യോഗസ്ഥർ</u>

| പേര് | ഉദ്യോഗപേര് | കാലയളവ് |
| --- | --- | --- |
| രജനി. എം.കെ | അസിസ്റ്റൻറ് സെക്രട്ടറി | 14.01.2018 മുതൽ 31.03.2019 വരെ |
| ബീന. പി .ബി | വി.ഇ.ഒ കൊറ്റനെല്ലൂർ | 1.04.2018 മുതൽ 31.03.2019 വരെ |
| അനൂപ്. സി.എം | വി.ഇ.ഒ നടവരമ്പ് | 1.04.2018 മുതൽ 31.03.2019 വരെ |
| ഗിരിജ.പി.ബി. | അസി.എഞ്ചിനീയർ | 01.04.2018 മുതൽ 28.02.2019 വരെ |
| ആസിഫ്.എം.എ(ചാർജ്) | അസി.എഞ്ചിനീയർ | 1-3-2019-31-3-2019 |
| ഡോ. തനൂജ | മെഡിക്കൽ ആഫീസർ, അലോപ്പതി | 1.04.2018 മുതൽ 31.03.2019 വരെ |
| ഡോ:സ്മിത. ടി.വി | മെഡിക്കൽ ആഫീസർ, ആയുർവേദ ഡിസ്പെൻസറി, | 1.04.2018 മുതൽ 31.03.2019 വരെ |
| ഡോ: അനീഷ.പി.ജെ (അഡീഷണൽ ചാർജ്) | മെഡിക്കൽ ആഫീസർ, ഹോമിയോ ഡിസ്പെൻസറി, പുത്തൻചിറ | 01.04.2018 മുതൽ 20.07.2018 വരെ |
| ഡോ:പ്രശോഭ്കുമാർ.കെ.സി | മെഡിക്കൽ ആഫീസർ, ഹോമിയോ ഡിസ്പെൻസറി | 21.07.2018 മുതൽ 31.03.2019 വരെ |
| തോമാസ്. പി.ഒ | കൃഷി ഓഫീസർ വേളൂക്കര | 1.04.2018 മുതൽ 31.03.2019 വരെ |
| ഡോ. കെ.വി. ഷിബു. | വെറ്ററിനറി സർജൻ | 01.04.2018 മുതൽ 31.03.2019 വരെ |
| സിനി .എൻ.കെ | ഐ.സി.ഡി.എസ്, സൂപ്പർവൈസർ | 1.04.2018 മുതൽ 23.07.2018 |

| | | |
|---|---|---|
| | | വരെ |
| ബീന.കെ.ജെ. | ഐ സി ഡി എസ് സൂപ്പർവൈസർ | 24-07-2018-31-3-2019 |
| നിഷ. സി | ഡയറി ഫാം ഇൻസ്ട്രക്ടർ, | 1.04.2018 മുതൽ 1.08.2018 വരെ |
| ഇഷ മുരളി | ഡയറി ഫാം ഇൻസ്ട്രക്ടർ | 2-8-2018-31-3-2019 |
| മരിയ സ്റ്റെല്ല | ഹെഡ്മിസ്ട്രസ്സ്, ജി.യു.പി.എസ്, കട്ടപ്പശ്ശേരി | 1.04.2018 മുതൽ 31.03.2019 വരെ |

ഉള്ളടക്കം


| ക്രമ നം. | ഭാഗം 1 | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ബജറ്റ്/റിവൈസ്ഡ് ബജറ്റ് | 1-1 |
| 2 | വാർഷികധനകാര്യപത്രിക | 1-2 |
| 3 | സാമ്പത്തിക വിശകലനം | 1-3 |
| 4 | ഫണ്ട് വിനിയോഗം | 1-4 |
| 5 | പദ്ധതി അവലോകനം | 1-5 |
| 6 | തൊഴിലുറപ്പ് പദ്ധതി | 1-6 |
| 7 | ക്ഷേമ പദ്ധതികൾ | 1-7 |
| 8 | ക്യാഷ് പരിശോധന | 1-8 |
| 9 | ആഭ്യന്തരനിയന്ത്രണം | 1-9 |
| 10 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം | 1-10 |
| 11 | വാർഷിക കണക്കുകളിലെ അപാകതകൾ | 1-11 |
| 12 | തൊഴിൽ നികുതി അപാകതകൾ | 1-12 |
| 13 | ലൈസൻസ് | 1-13 |
| 14 | കളക്ഷൻ ചാർജ് തനത് വരുമാനമാക്കാവുന്നതാണ് | 1-14 |
| 15 | അനധികൃത കെട്ടിട നിർമ്മാണം - രജിസ്റ്ററിൽ ഉൾപ്പെടുത്തിയിട്ടില്ല | 1-15 |
| 16 | എസ് സി വിദ്യാർത്ഥികൾക്ക് ഫർണ്ണീച്ചർ- പദ്ധതി മാർഗ്ഗരേഖക്ക് വിരുദ്ധം | 1-16 |
| 17 | എസ് എസ് എ -അധിക വിഹിതം നൽകിയത് ക്രമീകരിക്കേണ്ടതാണ്. | 1-17 |
| 18 | ഗ്രാമ ജാലകം -സാംസ്കാരിക പതിപ്പ് -പദ്ധതി മാർഗ്ഗരേഖക്ക് വിരുദ്ധം | 1-18 |
| 19 | കന്നുകുട്ടി പരിപാലന പദ്ധതി -അധിക വിഹിതം നൽകിയത് തിരികെ ഈടാക്കേണ്ടതാണ്. | 1-19 |

| | | |
|---|---|---|
| 20 | ലൈഫ് ഭവനപദ്ധതി-മുഴവൻ തുകയും കൈപ്പറ്റുംമുൻപ് അവിവാഹിതയായ ഗുണഭോക്താവ് മരണപ്പെട്ടു-പണിപൂർത്തിയാക്കി ,നിയമപരമല്ലാത്ത അവകാശി ഭവനം ഉപയോഗിക്കുന്നു. | 1-20 |
| 21 | ശമ്പളപരിഷ്കരണ കുടിശ്ശിക ക്രമീകരിച്ചപ്പോൾ , വർദ്ധനവിനാനുപാതിമായി , പെൻഷൻ കോൺട്രിബ്യൂഷൻ അടവാക്കിയില്ല. | 1-21 |
| 22 | മെഡിക്കൽ സർവീസ് കോർപ്പറേഷനിൽ നിന്നും മുഴവൻ തുകയ്ക്കുള്ള ഉപകരണങ്ങൾ ലഭ്യമായില്ല. | 1-22 |
| 23 | ജൻ ഔഷധിയിൽ നിന്നും വാങ്ങിയ മരുന്നുകൾ സ്റ്റോക്കിൽ എടുത്തിട്ടില്ല. | 1-23 |
| 24 | വിനിയോഗ സാക്ഷ്യപത്രം ഹാജരാക്കേണ്ടതാണ് | 1-24 |
| 25 | സ്പിൽ ഓവർ പ്രൊജക്ടുകളുടെ ആധിക്യം-തൻവർഷ പ്രൊജക്ടുകൾ 70% 2019-20 ലേക്ക് സ്പിൽ ഓവറാക്കി | 1-25 |
| 26 | ജി.എസ്.ടി ഈടാക്കിയിട്ടില്ല | 1-26 |
| 27 | പഞ്ചായത്തിലെ ചിറകളുടെ ബണ്ട് കെട്ട്-അപാകതകൾ | 1-27 |
| 28 | ട്രാൻസ്ഫോർമർ കണ്ണക്കാടൻമൂല റോഡിൽ കൾവർട്ടും സംരക്ഷണഭിത്തിയും നിർമ്മിക്കൽ-അധികം തുക അനുവദിച്ചു. | 1-28 |
| 29 | മരാമത്ത് പ്രവൃത്തികൾ വൈകി പൂർത്തീകരിച്ചതിന് ഫൈൻ ഈടാക്കിയിട്ടില്ല,മറ്റ് അപാകതകൾ | 1-29 |
| 30 | ഐക്കരക്കുന്ന് ലിങ്ക് ബൈലൈൻ റോഡ് കോൺക്രീറ്റിംഗ്-അധികം തുക അനുവദിച്ചു | 1-30 |
| | ഭാഗം 2 | |
| | വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ | |
| | ഇല്ല | |
| | ഭാഗം 3 | |
| | ചെലവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ | |
| 31 | ട്രാൻസ്ഫോർമർ കണ്ണക്കാടൻമൂല റോഡിൽ കൾവർട്ടും സംരക്ഷണഭിത്തിയും നിർമ്മിക്കൽ-അധികം തുക അനുവദിച്ചു. | 3-1 |
| 32 | ഐക്കരക്കുന്ന് ലിങ്ക് ബൈലൈൻ റോഡ് കോൺക്രീറ്റിംഗ്-അധികം തുക അനുവദിച്ചു | 3-2 |
| 33 | പഞ്ചായത്തിലെ ചിറകളുടെ ബണ്ട് കെട്ട്-അധിക തുക അനുവദിച്ചു | 3-3 |

| | ഭാഗം 4 | |
|---|---|---|
| | പൊതുവിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും | |
| 34 | വാർഷികധനകാര്യപത്രിക പരിശോധിച്ചതിന്റെ വിവരം | 4-1 |
| 35 | സംയുക്ത പ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം | 4-2 |
| 36 | നിക്ഷേപ പ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ | 4-3 |
| 37 | മൊബിലൈസേഷൻ അഡ്വാൻസ് | 4-4 |
| 38 | വായ്പ/വായ്പ തിരിച്ചടവ് | 4-5 |
| 39 | സ്ഥിരനിക്ഷേപങ്ങൾ | 4-6 |
| 40 | ഓഡിറ്റ് റിക്കവറി | 4-7 |
| 41 | സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം | 4-8 |
| 42 | ചാർജ്ജ് /സർചാർജ്ജ് നടപടികളുടെ വിവരം | 4-9 |
| 43 | ഓഡിറ്റ് പ്രത്യവലോകനം | 4-10 |
| 44 | തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ | 4-11 |
| 45 | ഓഡിറ്റ് സർട്ടിഫിക്കറ്റ് | അനുബന്ധം-1 |
| 46 | ഓഡിറ്റ് സംക്ഷിപ്തം | അനുബന്ധം-2 |

# ഭാഗം -1
# ഓഡിറ്റ് റിപ്പോർട്ട്.

## 1-1 ബജറ്റ്/റിവൈസ്ഡ് ബജറ്റ്

ബജറ്റ് 28-3-2018 തീയതിയിലെ 1/1-30 നമ്പർ തീരുമാനപ്രകാരം അംഗീകരിച്ചിട്ടുണ്ട്. പുതുക്കിയ ബജറ്റ് 6-2-2019 തീയതിയിലെ 7(1) നമ്പർ തീരുമാന പ്രകാരം അംഗീകരിച്ചിട്ടുണ്ട്. ആയത് പ്രകാരം പ്രതീക്ഷിത വരവ് 195137776 രൂപയും പ്രതീക്ഷിത ചെലവ് 159932055 രൂപയും ആണ്.

## 1-2 വാർഷികധനകാര്യപത്രിക

| ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി |
|---|---|
| 31.07.2019 | 29.04.2019 |

## 1-3 സാമ്പത്തിക വിശകലനം

| | |
|---|---|
| മുന്നിരിപ്പ് | 19148818 |
| വരവ് | 94084353 |
| ആകെ | 113233171 |
| ചെലവ് | 89034801 |
| നീക്കിയിരിപ്പ് | 24198370 |

## 1-4 ഫണ്ട് വിനിയോഗം

| ഫണ്ടിനം | മുൻ ബാക്കി | തൻവർഷ വരവ് | ആകെ | ചെലവ് | ലാപ്സായ തുക |
|---|---|---|---|---|---|
| വികസനഫണ്ട് പൊതുവിഭാഗം | 0 | 15689000 | 15689000 | 15681288 | 7712 |
| വികസനഫണ്ട് എസ്.സി.പി. | 0 | 12274000 | 12274000 | 12273643 | 357 |
| വികസനഫണ്ട് ടി.എസ്.പി. | 0 | 142000 | 142000 | 131334 | 10666 |
| സംരക്ഷണ ഗ്രാന്റ് റോഡ് | 0 | 18419000 | 18419000 | 18415214 | 3786 |
| സംരക്ഷണഗ്രാന്റ് നോൺറോഡ് | 0 | 3250000 | 3250000 | 3112038 | 137962 |
| 13-ാം ധനകാര്യ കമ്മീഷൻ ഗ്രാന്റ് | 0 | 9196893 | 9196893 | 7267791 | 1929102 |

# 1-5 പദ്ധതി അവലോകനം

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രോജക്ടുകളുടെ ശതമാനം |
|---|---|---|---|---|---|---|
| 258 | 116044909 | 158 | 75103492 | 95 | 5 | 61.24 |

# 1-6 തൊഴിലുറപ്പ് പദ്ധതി

| ഇനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരുപ്പ് |
|---|---|---|---|---|---|
| ഭരണ ചെലവുകൾ | 5399 | 540651 | 546050 | 543091 | 2959 |
| ഗുണഭോക്താകൾക്ക് നേരിട്ട് നൽകുന്നത് | 0 | 13181047 | 13181047 | 13181047 | 0 |

# 1-7 ക്ഷേമ പദ്ധതികൾ

തൻവർഷം ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്ഷേമപദ്ധതിയുടെ പേര് | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| തൊഴിൽരഹിത വേതനം | 146640 | 97 |
| കർഷകതൊഴിലാളി പെൻഷൻ | 4656000 | 365 |
| വിധവാപെൻഷൻ | 10693900 | 900 |
| വാർദ്ധക്യകാലപെൻഷൻ | 26645400 | 2277 |
| വികലാംഗപെൻഷൻ | 3564600 | 285 |
| 50 വയസ്സ് കഴിഞ്ഞ | 1386800 | 116 |

| | | |
|---|---|---|
| അവിവാഹിതരായ വനിതകൾക്കുള്ള പെൻഷൻ | | |
| വിധവകളുടെ പെൺമക്കൾക്കുള്ള വിവാഹ ധന സഹായം | 60000 | 2 |

## 1-8 ക്യാഷ് പരിശോധന

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 13-7-2020 ന്,3.45ന് സ്ഥാപന തലവന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. 9628/ രൂപയുടെ ക്യാഷ് നീക്കിയിരിപ്പിന്റെ കൃത്യത പരിശോധനയിൽ ബോധ്യപ്പെട്ടു.

## 1-9 ആഭ്യന്തരനിയന്ത്രണം

രശീതി ബുക്കിന്റെ ഉപയോഗശേഷം ബാക്കി വരുന്ന രസീതികൾ ക്യാൻസൽ ചെയ്യേണ്ടതാണ്. 2011-ലെ കേരള പഞ്ചായത്ത് രാജ് (അക്കൗണ്ട്സ്) ചട്ടങ്ങൾ, ചട്ടം 83 പ്രകാരം ഒഴിവാക്കാനാവാത്ത സന്ദർഭങ്ങളിൽ ഒഴികെ ലഭിച്ച രസീതി ബുക്കുകൾ പൂർണ്ണമായും ഉപയോഗിച്ച് തീരുകയും കൗണ്ടർഫോയിൽ പഞ്ചായത്തിൽ തിരിച്ചേൽപ്പിക്കുകയും ചെയ്യാതെ പുതിയ രസീത് ബുക്കുകൾ നൽകുവാൻ പാടുള്ളതല്ല. പഴയ രസീതി ബുക്കിലെ ഉപയോഗിക്കാത്ത പേജുകൾ ക്യാൻസൽ ചെയ്തതത് ഉറപ്പുവരുത്തിയതിനുശേഷമേ പുതിയവ നൽകുവാൻ പാടുള്ളു. അല്ലാത്തപക്ഷം രസീതി ബുക്കിലെ ഏതെങ്കിലും രസീതികൾ ദുരുപയോഗം ചെയ്യപ്പെട്ടാൽ ഗ്രാമപഞ്ചായത്തിന് ഉത്തരവാദിത്തം ഉണ്ടായിരിക്കും. പഞ്ചായത്ത് കമ്മിറ്റിയുടെ മീറ്റിംഗുകളിൽ പദ്ധതിപുരോഗതി അവലോകനം ചെയ്യുന്നതായി കാണുന്നില്ല. പദ്ധതി പൂർത്തിയാക്കിയശേഷമുള്ള അവലോകനവും കാണുന്നില്ല. പഞ്ചായത്തിൽ, രജിസ്റ്ററുകൾ, വൗച്ചറുകൾ എന്നിവ കൃത്യമായി സൂക്ഷിക്കുന്നുണ്ട്.

## 1-10 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 20.02.2020 | 12/2019 | 20-2-2020 |
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 27.1.2014 മുതൽ 10.2.2014 വരെ | 2008-09 മുതൽ 2012-13 വരെ | 29.11.2017 |

## 1-11 വാർഷിക കണക്കുകളിലെ അപാകതകൾ

1. അടിസ്ഥാന അനുപാതങ്ങൾ വാർഷികകണക്കിൽ ഉൾപ്പെടുത്തിയിട്ടില്ല.(കേരള പഞ്ചായത്ത് രാജ് അക്കൗണ്ട് ചട്ടങ്ങൾ 2011 ചട്ടം 62 എഫ്)

2.ആസ്തി രജിസ്റ്റർ കാലികമാക്കിയിട്ടില്ല.ബാലൻസ് ഷീറ്റിൽ രേഖപ്പെടുത്തിയിരിക്കുന്ന സ്ഥിരാസ്തികളുടെ മൂല്യം പരിശോധിക്കുവാൻ സാധിക്കുന്ന മാതൃകയിൽ അല്ല ആസ്തി രജിസ്ററർ തയ്യാറാക്കിയിരിക്കുന്നത്.

3.വാർഷികകണക്കിനൊപ്പം സമർപ്പിച്ചിരിക്കുന്ന ക്യാഷ് ഫ്ളോ സ്റ്റേറ്റ്മെന്റ് പ്രകാരം 2018-19 കാലയളവിലെ "Net Decrease in cash and cash equivalents" ആയി രേഖപ്പെടുത്തിയിരിക്കുന്നത് 5049552.00 രൂപയാണ്.എന്നാൽ ഇതേ പത്രികയിൽ 2018-19 ൽ "Net cash used up by operating +Investing+Financing Activity" ആയി രേഖപ്പെടുത്തിയിരിക്കുന്നത് 3058395.00രൂപയാണ്. അംഗീകരിക്കപ്പെട്ട അക്കൗണ്ടിങ്ങ് സ്റ്റാൻഡേർഡ് പ്രകാരം മേൽ രണ്ടു തുകകളും പൊരുത്തപ്പെടേണ്ടതാണെങ്കിലും പഞ്ചായത്ത് സമർപ്പിച്ച സ്റ്റേറ്റ്മെന്റിലെ രണ്ട് തുകകളും പൊരുത്തപ്പെടുന്നില്ല.

4.കാഷ് അല്ലെങ്കിൽ ബാങ്ക്/ട്രഷറി അക്കൗണ്ടുകളുമായി ബന്ധമില്ലാത്ത ഇടപാടുകൾ ജേണൽബുക്കിൽ രേഖപ്പെടുത്തേണ്ടതാണ്. (പഞ്ചായത്ത് രാജ് അക്കൗണ്ട് ചട്ടങ്ങൾ 2011, ചട്ടം 7) ജേണൽ വൗച്ചർ ഉൾപ്പെടെ എല്ലാ

വൗച്ചറുകൾക്കും ആധികാരികമായ സാക്ഷ്യപ്പെടുത്തിയ വൗച്ചറുകൾ, വർക്ക് ഷീറ്റുകൾ സാക്ഷ്യപ്പെടുത്തി സൂക്ഷിക്കേണ്ടതാണ്. നിലവിൽ ഇപ്രകാരം ഒരു നിയന്ത്രണം ഇല്ലാതെയാണ് ജേണൽ എൻട്രികൾ രേഖപ്പെടുത്തുന്നത്. പ്രധാനമായും വസ്തു നികുതിയിനത്തിലുള്ള പിരിവ്, ബാക്കി, മുൻകൂർ, കുടിശ്ശിക ഡിമാന്റ്, കുടിശ്ശിക പിരിവ്, കുടിശ്ശിക ബാക്കി എന്നിവ എഴുതി തള്ളാനും, ക്രമീകരിക്കാനും സഞ്ചയ സോഫ്റ്റ്‌വെയർ പ്രകാരമുള്ള ഡി.സി.ബി രജിസ്റ്ററിലെ തുകയിലേക്ക് മാനവലായി പൊരുത്തപ്പെടുത്താനും, മുൻകൂർ തുക വർദ്ധിപ്പിക്കുന്നതിനും നടത്തുന്ന ജേണൽ എൻട്രികകൾക്ക് യാതൊരു വൗച്ചറും സൂക്ഷിക്കുന്നില്ല. എല്ലാ ജേണൽ വൗച്ചറുകൾക്കും ആധികാരികമായ സാക്ഷ്യപ്പെടുത്തിയ വൗച്ചറുകൾ, വർക്ക്ഷീറ്റുകൾ സാക്ഷ്യപ്പെടുത്തി സൂക്ഷിക്കേണ്ടതാണ്.

5. ബാലൻസ് ഷീറ്റ് ഷെഡ്യൂൾ ബി 18ൽ KSEBയ്ക്ക് അഡ്വാൻസ് നൽകിയതായി ഉൾപ്പെടുത്തിയിരിക്കുന്ന തുകകളിൽ 2016-17ൽ കെ എസ് ഇ ബിയിൽ മീറ്ററിങ്ങിനായി ഡെപ്പോസിറ്റ് ചെയ്ത 800000/-രൂപയും 2017-18ലെ 5600രൂപയും 2017-18ൽ പോസ്റ്റ് മാറ്റിവെക്കലിനായി ഡെപ്പോസിറ്റ് ചെയ്ത 23561/-രൂപയും ഉൾപ്പെട്ടിട്ടില്ല.

6.ബാലൻസ് ഷീറ്റ് B-7 ഷെഡ്യൂളിലെ Other depositലെ ബാലൻസിൽ ഉൾപ്പെട്ട 42705രൂപ അസി.എഞ്ചിനീയർക്ക് ടാർ വാങ്ങുന്നതിനായി അഡ്വാൻസ് നൽകിയ തുകയിൽ (തനത് ഫണ്ടിൽ നിന്ന്) അധികം വന്ന തുക തിരിച്ചടച്ചതാണ്. പ്രസ്തുത തുക പ്ലാൻ ഫണ്ടിൽ നിന്ന് പിൻവലിച്ചതായതിനാൽ ആയത് കൺസോളിഡേറ്റഡ് ഫണ്ടിലേക്ക് തിരികെ അടവാക്കേണ്ടതാണ്.

7.ആഭ്യന്തര നിയന്ത്രണം ഫലപ്രദമാക്കുന്നതിന് കൈയ്യെഴുത്തായി സൂക്ഷിക്കുന്ന എല്ലാ വരവ് രജിസ്റ്ററുകളും ഡിമാന്റ് അടിസ്ഥാനത്തിലും പേജ് അടിസ്ഥാനത്തിലും തുക കണക്കാക്കുകയും മാസാന്ത്യത്തിൽ ക്ലോസ് ചെയ്തത് അതാത് ലെഡ്ജറുകളുമായി പൊരുത്തപ്പെടുത്തി വർഷാന്ത്യത്തിൽ സംക്ഷിപ്തം രേഖപ്പെടുത്തി, സെക്രട്ടറി സാക്ഷ്യപ്പെടുത്തി സൂക്ഷിക്കേണ്ടതാണ് (കേരള പഞ്ചായത്ത് രാജ് അക്കൗണ്ട് ചട്ടങ്ങൾ 2011, ചട്ടം 58 (2) (ഇ), (ജി)). നിലവിൽ ഓഡിറ്റിന് ഹാജരാക്കിയ രജിസ്റ്ററുകൾ ഇപ്രകാരം കൃത്യമായി സൂക്ഷിക്കുന്നില്ല. ഉദാഹരണങ്ങൾ ചുവടെ ചേർക്കുന്നു.

7.1തൊഴിൽ നികുതി ഡിമാന്റ് രജിസ്റ്റർ (ജീവനക്കാർ)

7.2 തൊഴിൽ നികുതി ഡിമാന്റ് രജിസ്റ്റർ (സ്ഥാപനങ്ങൾ)

7.3 ഡി&ഒ ഡിമാന്റ് രജിസ്റ്റർ

8.ബിൽഡിങ്ങ് പെർമിറ്റ് രജിസ്റ്ററിൽ ഡിസിബി എഴുതി തയ്യാറാക്കി സെക്രട്ടറി സാക്ഷ്യപ്പെടുത്തി ഹാജരാക്കിയിട്ടില്ല.

9. ഓഡിറ്റ് റിക്കവറി രജിസ്റ്റർ കാലികമാക്കിയിട്ടില്ല.

10.ഇൻകം & എക്സ്പെൻഡിച്ചർ അക്കൗണ്ട്(ഐ-18) പ്രകാരം "280000000-Prior Period item" എന്ന ശീർഷകത്തിൽ ഉൾപ്പെടുന്ന താഴെ പറയുന്ന ലെഡ്ജറുകളിൽ ജേണൽ വൗച്ചർ മുഖേന എഴുതി തള്ളിയ തുകകൾക്കും, വരുമാനമായി ക്രമീകരിച്ചിരിക്കുന്ന തുകകൾക്കും, തിരുത്തൽ എൻട്രികൾക്കും അംഗീകരിക്കപ്പെട്ട വൗച്ചറുകളോ, രേഖപ്പെടുത്തലുകൾക്ക് പിൻബലം നൽകുന്ന വർക്ക്ഷീറ്റുകളോ ഓഡിറ്റിന് ലഭ്യമാക്കിയിട്ടില്ല. ആയതിനാൽ താഴെ ചേർത്തിരിക്കുന്ന ലെഡ്ജർ പ്രകാരമുള്ള രേഖപ്പെടുത്തലുകൾ നിയമാനുസൃതം ആണെന്നോ കൃത്യമാണെന്നോ ഉറപ്പ് വരുത്തുന്നതിന് സാധിച്ചിട്ടില്ല.

| ശീർഷകം (ഇൻകം & എക്സ്പെൻഡിച്ചർ അക്കൗണ്ട്, ഷെഡ്യൂൾ I-18) | 31/3/2019ലെ ലെഡ്ജർ ബാക്കി |
|---|---|
| 280100101-Prior period income - Property tax on residential buildings | 1153972 |
| 280100102-Prior period income- Profession tax | 115424 |
| 280200102-Prior period income-Rent from Lease of land | 2590 |
| 280200201-Prior period income – Licence fees | 4050 |
| 280100104-Prior period - Property tax on non residential building | 85742 |
| 280200401 - Prior period income – other income | 16538 |

11. വസ്തു നികുതിയുടെ ഡിമാന്റ് രജിസ്റ്റർ തയ്യാറാക്കുന്ന "സഞ്ചയ" സോഫ്റ്റ്‌വെയറിൽ നിന്നും ലഭിക്കുന്ന വസ്തുനികുതി ഡിമാന്റ് തുക ആണ് കണക്കുകൾ തയ്യാറാക്കുന്ന സോഫ്റ്റ്‌വെയർ ആയ "സാംഖ്യ"യിൽ ഡിമാന്റ് ആയി ചേർക്കുന്നത്.വസ്തുനികുതി സ്വീകരിച്ച് രസീത് നൽകുന്നതും ലെഡ്ജർ തയ്യാറാക്കുന്നതും "സാംഖ്യ" സോഫ്റ്റ്‌വെയർ ഉപയോഗിച്ചാണ്. ഇതിലെ രസീത് കളക്ഷനാണ് വസ്തു നികുതിയുടെ ഡിമാന്റ് രജിസ്റ്റർ തയ്യാറാക്കുന്ന "സഞ്ചയ" സോഫ്റ്റ്‌വെയറിൽ യാന്ത്രികമായി പോസ്റ്റ് ചെയ്യപ്പെടുന്നതും. ഇപ്രകാരം തയ്യാറാക്കുന്നതിനാൽ ഡി.സി.ബി രജിസ്റ്റർ പ്രകാരവും വാർഷികകണക്കുകളിലെ പത്രികകൾ പ്രകാരവുമുള്ള ഡിമാന്റ്,കളക്ഷൻ,നീക്കിയിരിപ്പ് എന്നീ ഇനങ്ങളിലെ തുകകൾ പൊരുത്തപ്പെടേണ്ടതാണ്. എന്നാൽ "സഞ്ചയ" സോഫ്റ്റ്‌വെയറിൽ തയ്യാറാക്കിയിട്ടുള്ള വസ്തുനികുതിയുടെയും ലൈബ്രറി സെസ്സിന്റെയും ഡി.സി.ബി രജിസ്റ്റർ പ്രകാരമുള്ള വർഷാന്ത്യ സംക്ഷിപ്ത തുകകളും "സാംഖ്യ" സോഫ്റ്റ്‌വെയർ -ൽ തയ്യാറാക്കിയ വാർഷിക കണക്കിലെ തുകകളും തമ്മിൽ പൊരുത്തപ്പെടുന്നില്ല. മേൽ സാഹചര്യത്തിൽ വാർഷികകണക്കുകളും, ഡി.സി.ബി രജിസ്റ്ററും പൊരുത്തപ്പെടാതിരിക്കുന്നതിന് കാരണം കണ്ടെത്തി പരിഹരിക്കേണ്ടതാണ്.

<u>11.1തൻവർഷം</u>

11.1.1റെസിഡൻഷ്യൽ

| | ഡിമാന്റ് | കളക്ഷൻ | മുൻകൂർ ക്രമീകരിച്ചത് | ബാക്കി |
|---|---|---|---|---|
| "സഞ്ചയ" സോഫ്റ്റ്‌വെയർ പ്രകാരം | 2852079 | 2636190 | 225127 | 27113 |
| വാർഷികകണക്കിലെ വിവിധ പത്രികകൾ പ്രകാരം | 2852079 | 2636190 | 16672 | 27127 |
| | (ഇൻകം &എക്സ്പെൻഡിച്ചർ അക്കൗണ്ട്, ഷെഡ്യൂൾ ഐ-1) | (റസീറ്റ് & പേയ്മെന്റ് പത്രിക, ഷെഡ്യൂൾ ആർ.പി-43) | ( 350410101-Advance collection-PT on Res. bldg-ന്റെ ലെഡ്ജർ) | (ബാലൻസ്ഷീറ്റ് ഷെഡ്യൂൾ ബി-15ലെ തുകയെ x100/105 എന്ന രീതിയിൽ ലൈബ്രറി സെസ് കുറവ് ചെയ്ത് ബാലൻസ് തുക:-) |

11.1.2നോൺ-റെസിഡൻഷ്യൽ

| | ഡിമാന്റ് | കളക്ഷൻ | മുൻകൂർ ക്രമീകരിച്ചത് | ബാക്കി |
|---|---|---|---|---|
| | | | | |

| | | | | |
|---|---|---|---|---|
| "സഞ്ചയ" സോഫ്റ്റ്‌വെയർ പ്രകാരം | 1657429 | 1524360 | 104548 | 41222 |
| വാർഷികകണക്കിലെ വിവിധ പത്രികകൾ പ്രകാരം | 1657429 | 1524360 | 0 | 41230 |
| | (ഇൻകം &എക്സ്പെൻഡിച്ചർ അക്കൗണ്ട്, ഷെഡ്യൂൾ ഐ-1) | (റസീറ്റ് & പേയ്മെന്റ് പത്രിക, ഷെഡ്യൂൾ ആർ.പി-43) | 2017-18ലെ ബാലൻസ്ഷീറ്റ് ഷെഡ്യൂൾ ബി-9ൽ അഡ്വാൻസ് ഉണ്ടായിരുന്നില്ല. | (ബാലൻസ്ഷീറ്റ് ഷെഡ്യൂൾ ബി-15ലെ ബാലൻസ് തുകയെ x100/105 എന്ന രീതിയിൽ ഗണിത ക്രിയ ചെയ്ത് ലൈബ്രറി സെസ് ഒഴിവാക്കിയ തുക) |

<u>11.2കുടിശ്ശിക</u>

11.2.1റെസിഡൻഷ്യൽ

| | ഡിമാന്റ് | കളക്ഷൻ | ബാക്കി |
|---|---|---|---|
| "സഞ്ചയ" സോഫ്റ്റ്‌വെയർ പ്രകാരം | 466285 | 464998 | 17257 |
| വാർഷികകണക്കിലെ വിവിധ പത്രികകൾ പ്രകാരം | 1611722 | 464998 | 17345 |
| | *(2017-18 ലെ ബാലൻസ്ഷീറ്റ് ഷെഡ്യൂൾ ബി-15) | (റസീറ്റ് & പേയ്മെന്റ് പത്രിക, ഷെഡ്യൂൾ ആർ.പി-43) | ** (ബാലൻസ്ഷീറ്റ് ഷെഡ്യൂൾ ബി-15) |

11.2.2നോൺ-റെസിഡൻഷ്യൽ

| | ഡിമാന്റ് | കളക്ഷൻ | ബാക്കി |
|---|---|---|---|
| "സഞ്ചയ" സോഫ്റ്റ്‌വെയർ പ്രകാരം | 385573 | 339298 | 52056 |
| വാർഷികകണക്കിലെ വിവിധ പത്രികകൾ പ്രകാരം | 286676 | 322626 | 54556 |
| | (2017-18 ലെ ബാലൻസ്ഷീറ്റ് ഷെഡ്യൂൾ ബി-15പ്രകാരം) | (റസീറ്റ് & പേയ്മെന്റ് പത്രിക, ഷെഡ്യൂൾ ആർ.പി-43) | |

<u>11.3ലൈബ്രറി സെസ്സ് (തൻവർഷം +കുടിശ്ശിക)</u>

| | ഡിമാന്റ് | | | കളക്ഷൻ | | | മുൻകൂർ ക്രമീകരിച്ചത് | ഡിമാന്റ് കുറവ് ചെയ്തത് | ബാക്കി | | |
|---|---|---|---|---|---|---|---|---|---|---|---|
| | തൻവർഷം | കുടിശ്ശിക | ആകെ | തൻവർഷം | കുടിശ്ശിക | ആകെ | | | തൻവർഷം | കുടിശ്ശിക | ആകെ |

| | | | | | | | | | | | | |
|---|---|---|---|---|---|---|---|---|---|---|---|---|
| "സഞ്ചയ" സോഫ്റ്റ്‌വെയർ പ്രകാരം | റെസി ഡൻഷ്യൽ | 145714 | 24923 | 170637 | 133680 | 23663 | 157343 | 12043 | 0 | 1371 | 955 | 1511 |
| | നോൺ- റെസി ഡൻഷ്യൽ | 84047 | 19712 | 103759 | 76694 | 17114 | 93808 | 5336 | 0 | 2070 | 2500 | 7135 |
| | ആകെ | | | 274396 | | | 251151 | 17379 | | 6081 | | |
| വാർഷികകണക്കിലെ വിവിധ പത്രികകൾ പ്രകാരം | | 439756 | | | 251151 | | | | 369629 | 8646 | | |
| | | | | | (റസീറ്റ് & പേയ്മെന്റ് പത്രിക, ഷെഡ്യൂൾ ആർ.പി-36(വരവ്)) | | | | (431910101 - State govt . Cess/levies...... ലെഡ്ജർ 2018-19) | (ബാലൻസ്ഷീറ്റ് ഷെഡ്യൂൾ ബി-15) | | |

11.4."സഞ്ചയ" സോഫ്റ്റ്‌വെയറിൽ തയ്യാറാക്കിയിട്ടുള്ള വസ്തുനികുതിയുടെയും ലൈബ്രറി സെസ്സിന്റെയും ഡി.സി.ബി രജിസ്റ്റർ പ്രകാരമുള്ള വർഷാന്ത്യ സംക്ഷിപ്ത തുകകളിൽ നീക്കിയിരിപ്പ് കണക്കാക്കുന്നതിൽ ഗണിതക്രിയയിൽ തന്നെ വ്യത്യാസം വന്നതായി കാണുന്നു. ഡിമാന്റ് - (കളക്ഷൻ + ബുക്ക് അഡ്ജസ്റ്റ്മെന്റ്) = ബാക്കി എന്ന രീതിയിൽ കൃത്യമായ ബാക്കി തുക സോഫ്റ്റ്‌വെയറിൽ കണക്കാക്കപ്പെടുന്നില്ല. (ഉദാ:11.1.1, 11.1.2, 11.2.1, 11.2.2, 11.3 എന്നീ ഖണ്ഡികകളിലെ പട്ടികകൾ).

11.5 1/4/2018 ൽ നിലവിലുള്ള കെട്ടിടങ്ങളുടെ വസ്തുനികുതി ഡിമാന്റ് തുക (റെസിഡൻഷ്യൽ/നോൺ റസിഡൻഷ്യൽ) വർഷാരംഭത്തിൽ ഡിമാന്റ് തുകയായി രേഖപ്പെടുത്തേണ്ടിയിരുന്നതും 2018-19ൽ അസസ്സ്ചെയ്യപ്പെടുന്ന വസ്തുനികുതി ഉൾപ്പെടെയുള്ള, അക്രൂവൽ അടിസ്ഥാനത്തിലുള്ള വരുമാനങ്ങൾ പ്രതിമാസം സെക്രട്ടറി തയ്യാറാക്കുന്ന സമ്മറി സ്റ്റേറ്റ് മെന്റ്, അസസ്സ്മെന്റ് രജിസ്റ്റർ, അസസ്സമെന്റ്/ഡിമാന്റ് നോട്ടീസ് എന്നിവയുടെ അടിസ്ഥാനത്തിൽ പ്രതിമാസ ഡിമാന്റ് ജേണൽ എൻട്രി മുഖേന ചേർക്കേണ്ടിയിരുന്നതുമാണ്. (കേരള പഞ്ചായത്ത് രാജ് അക്കൗണ്ട് ചട്ടങ്ങൾ, ചട്ടം 17(2)). പ്രതിമാസം സെക്രട്ടറി തയ്യാറാക്കുന്ന സമ്മറി സ്റ്റേറ്റ്മെന്റിന്റെ അടിസ്ഥാനത്തിൽ തന്നെ ഡിമാന്റ് കുറവ് ചെയ്യൽ/എഴുതി തള്ളൽ/ ഇളവ് അനുവദിക്കൽ എന്നിവ ജേണൽ എന്ട്രികൾ മുഖേന ചെയ്യേണ്ടതുമാകുന്നു. ഈ രേഖപ്പെടുത്തൽ ജേണൽ വൗച്ചർ, വർക് ഷീറ്റ്, നിയമാനുസൃത അനുമതി എന്നിവയുടെ അടിസ്ഥാനത്തിലായിരിക്കണം ചെയ്യേണ്ടത്. 2018-19 വർഷത്തിൽ വേളൂക്കര ഗ്രാമപഞ്ചായത്തിൽ 267 പുതിയ കെട്ടിടങ്ങൾക്ക് നികുതി ചുമത്തിയിട്ടുണ്ട്. എന്നാൽ 2018-19 ലെ "110100101-Property tax on residential buiding"എന്ന ശീർഷകത്തിലേയും "110100103-Property tax on non residential buiding" എന്ന ശീർഷകത്തിലേയും ലെഡ്ജറുകൾ പരിശോധിച്ചതിൽ നിന്നും 2018-19 സാമ്പത്തിക വർഷത്തെ ഡിമാന്റ് രണ്ട് തവണ മാത്രം (29.11.18 & 31.3.19) രേഖപ്പെടുത്തിയിരിക്കുന്നതായി കാണുന്നു. ഈ ഡിമാന്റ് എൻട്രികൾക്ക് സാധുത നല്കുന്ന വൗച്ചറുകൾ ഇല്ല. "സഞ്ചയ" സോഫ്റ്റ് വെയറിൽ നിന്നും വർഷാവസാനം ഉള്ള ഡിമാന്റ് തുകയിലേക്ക് വാർഷികകണക്കിലെ തുക ക്രമീകരിക്കുന്ന രീതിയിൽ രേഖപ്പെടുത്തലുകൾ നടത്തിവരുകയാണ് ചെയ്യുന്നത് എന്ന് ഇതിൽ നിന്ന് വ്യക്തമാണ്. ആയതിനാൽ നിയമപ്രകാരമുള്ള റമിഷൻ, എഴുതി തള്ളൽ തുടങ്ങിയവ സംബന്ധിച്ച് കണക്കുകളിൽ രേഖപ്പെടുത്തൽ ഇല്ലാതെ പോകുന്നു. ചട്ടത്തിൽ നിർദ്ദേശിച്ച രീതിയിൽ വസ്തുനികുതിഡിമാന്റ് നിയമപ്രകാരം ഉത്ഭവിക്കുന്ന സമയത്ത് തന്നെ രേഖപ്പെടുത്തലുകൾ വരുത്തുന്നതിനും രജിസ്റ്ററുകളുമായി പ്രതിമാസ പൊരുത്തപ്പെടുത്തൽ നടത്തി ആഭ്യന്തരനിയന്ത്രണ സംവിധാനം ഫലപ്രദമാക്കുന്നതിനും, ഡിമാന്റ് എൻട്രികൾക്ക് സാധുത നല്കുന്ന വൗച്ചറുകളും അനുബന്ധ രേഖകളും സൂക്ഷിക്കുന്നതിനും നടപടി സ്വീകരിക്കേണ്ടതുമാണ്.

11.6 ലൈബ്രറി സെസ്സ് ഡിമാന്റ് തുക രേഖപ്പെടുത്തി വരുന്ന " 431910101 State govt cesses/levies in property tax control account" എന്ന ലെഡ്ജറിൽ നിന്ന് തൻവർഷം ആകെ ലൈബ്രറി സെസ്സ് ഇനത്തിൽ (കുടിശ്ശിക ഉൾപ്പെടെ) കളക്റ്റ് ചെയ്ത തുകയാണ്. ഡിമാന്റിൽ നിന്ന് കുറവ് ചെയ്യേണ്ടത് കളക്ട് ചെയ്ത തുക 251151 രൂപയാണ്. എന്നാൽ മേൽ പ്രകാരം ഡിമാന്റ് കുറവ് ചെയ്തിരിക്കുന്നത് 369629/-രൂപയാണ്.

11.7 തൻവർഷത്തെ വസ്തു നികുതി അഡ്വാൻസ് ലെഡ്ജർ അക്കൗണ്ട് പരിശോധിച്ചതിൽ 42993രൂപ ക്യാഷ് ആയോ ബാങ്ക് മുഖേനയുള്ള വരവായോ ലഭിച്ചതല്ല എന്നും "Prior Period items" എന്ന നോമിനൽ അക്കൗണ്ട് പ്രകാരം അഡ്വാൻസ് തുക സാങ്കൽപ്പികമായി ജേണൽ വൗച്ചർ മുഖേന വർദ്ധിപ്പിച്ചതായും കാണുന്നു. ഇപ്രകാരം ജേണൽ വൗച്ചർ മുഖേന വർദ്ധനക്ക് കാരണം രേഖപ്പെടുത്തിയിട്ടുള്ളതും അംഗീകരിക്കാനാകുന്നതുമായ യാതൊരു സബ്ബ് വൗച്ചറുകളും, വർക്ക് ഷീറ്റുകളും നടപടിക്രമങ്ങളും സൂക്ഷിച്ചിട്ടില്ല. ആയതിനാൽ ഇപ്രകാരം സാങ്കൽപ്പിക വർദ്ധനവ് വരുത്തിയത് ഓഡിറ്റിൽ അംഗീകരിക്കുന്നില്ല. ഇപ്രകാരം വർദ്ധനവ് വരുത്തിയ വൗച്ചർ വിവരങ്ങൾ ചുവടെ ചേർക്കുന്നു.

11.7.1 റെസിഡൻഷ്യൽ

| ക്രമ നം. | ജേണൽ വൗച്ചർ | തീയതി | തുക |
|---|---|---|---|
| | | | |

| | | | |
|---|---|---|---|
| 1. | 41800516 | 31.03.19 | 29425 |

11.7.2 നോൺ റെസിഡൻഷ്യൽ

| ക്രമ നം. | ജേണൽ വൗച്ചർ | തീയതി | തുക |
|---|---|---|---|
| 1. | 41800517 | 31.03.19 | 13568 |

മേൽ കാരണങ്ങളാൽ വാർഷികകണക്കിലെ വിവിധ പത്രികകൾ പ്രകാരം വസ്തുനികുതിയിനത്തിലുള്ള യാതൊരു തുകകളുടെയും കൃത്യത ഓഡിറ്റിൽ സാക്ഷ്യപ്പെടുത്തുന്നില്ല.

# 1-12 തൊഴിൽ നികുതി അപാകതകൾ

ഗ്രാമപഞ്ചായത്ത് പ്രദേശത്ത് ഒരു അർദ്ധവർഷത്തിൽ ആകെ 60 ദിവസത്തിൽ കുറയാതെ താമസിച്ച കൊണ്ട് അതിന് വെളിയിലോ, ഒരു തൊഴിലിലോ, കലയിലോ, ജോലിയിലോ ഏർപ്പെട്ടിരിക്കുന്നതോ അല്ലെങ്കിൽ ബിസിനസു നടത്തുകയോ പൊതുവോ സ്വകാര്യമായോ ആയ ഏതെങ്കിലും ഉദ്യോഗം വഹിക്കുന്നതോ മുതൽ മുടക്കുകളിൽ നിന്ന് ഏതെങ്കിലും ആദായം ലഭിച്ച കൊണ്ടിരിക്കുകയും ചെയ്യുന്നതോ ആയ ഏതൊരാളും തൊഴിൽ നികുതി നൽകുവാൻ ബാധ്യസ്ഥരാണ്. ( കേരള പഞ്ചായത്ത് രാജ് നിയമം വകുപ്പ് 204).

<u>അപാകതകൾ</u>

1. തൊഴിലുടമകൾ സമർപ്പിച്ച റിട്ടേണുകൾ പരിശോധിച്ചതുപ്രകാരം താഴെ പറയുന്ന സ്ഥാപനങ്ങളിലെ ജീവനക്കാരിൽനിന്നും തൊഴിൽനികുതി ഈടാക്കിയതിൽ കുറവ് കാണുന്നു.

| സ്ഥാപനം | പേര് | അർദ്ധ വർഷം | അടിസ്ഥാന ശമ്പളം | ക്ഷാമ ബത്ത | ആകെ | ഈടാക്കിയത് | ഈടാക്കേണ്ടിയിരുന്നത് | കുറവ് |
|---|---|---|---|---|---|---|---|---|
| ഭാരതീയവിദ്യാഭവൻസ് വിദ്യാമന്ദിർ | Beema.M.A | 1 | 12880 | 8114 | 20994 | 1000 | 1250 | 250 |
| ഭാരതീയവിദ്യാഭവൻസ് വിദ്യാമന്ദിർ | Dona Joemon | 1 | 12880 | 8114 | 20994 | 1000 | 1250 | 250 |
| പോപ്പുലർ വെഹിക്കിൾസ് ആന്റ് സർവീസസ് പ്രൈവറ്റ് ലിമിറ്റഡ് | Preeju V.T | 2 | 6400 | DA-5175 other allowance 5350 | 16925 | 600 | 1000 | 400 |

ഇതുസംബന്ധിച്ച് നല്കിയ ഓഡിറ്റ് അന്വേഷണത്തിന് (ഓഡിറ്റ് അന്വേഷണം നമ്പർ 1/13.07.2020)കുറവ് വന്ന തുക അടവാക്കുവാനുള്ള നടപടികൾ സ്വീകരിച്ച് ആയത് അടവാക്കി വിവരം ഓഡിറ്റിൽ അറിയിക്കുന്നതാണെന്ന മറുപടി ലഭിച്ചിട്ടുണ്ട്. തൊഴിൽനികുതി റിട്ടേണുകൾ സ്വീകരിക്കുമ്പോൾ അതിൽ രേഖപ്പെടുത്തിയിരിക്കുന്ന നികുതി ശരിയായ സ്ലാബിൽ വരുന്നതാണോയെന്ന് ബന്ധപ്പെട്ട ഉദ്യോഗസ്ഥൻ ഉറപ്പുവരുത്തേണ്ടതാണ്.

2.<u>ജീവനക്കാരുടെ തൊഴിൽ നികുതി ഈടാക്കിയില്ല</u>

2018-19സാമ്പത്തികവർഷത്തെ ലൈസൻസിനായി സ്ഥാപനങ്ങൾ പഞ്ചായത്തിൽ സമർപ്പിച്ച അപേക്ഷകളിൽ ജോലി ചെയ്യുന്ന തൊഴിലാളികളുടെ എണ്ണം രേഖപ്പെടുത്തിയിട്ടുണ്ട്. എന്നാൽ ഇവരിൽനിന്നും തൊഴിൽനികുതി ഈടാക്കിയതായി കാണുന്നില്ല. ഇത്തരം സ്ഥാപനങ്ങളുടെ വിവരങ്ങൾ ഉദാഹരണമായി ചുവടെ ചേർക്കുന്നു.

| ക്രമ നമ്പർ | സ്ഥാപനത്തിന്റെ പേര് | കെട്ടിട നമ്പർ | തൊഴിലാളികളുടെ എണ്ണം |
|---|---|---|---|
| 1 | സൺറൈസ് സോപ്പ് | V/533 | 8 |

| | | | |
|---|---|---|---|
| | ഇൻഡസ്ട്രീസ് | | |
| 2 | ജനത എഞ്ചിനീയറിങ്ങ് വർക്ക്ഷോപ്പ് | II/350 | 6 |
| 3 | കൊക്കാട്ട് പോളിമേഴ്സ് | I/262 | 6 |
| 4 | ലൈറ്റ്നർ പവർകൺട്രോൾസ് പ്രൈവറ്റ് ലിമിറ്റഡ് | VIII/260 | 10 |
| 5 | സൺറൈസ് ഇൻഡസ്ട്രീസ് | V/443 | 9 |
| 6 | ഹരിശ്രീബെൽമെറ്റൽ ഇൻഡസ്ട്രീസ് | XVIII/517 | 25 |
| 7 | കെ.എസ്.ബി.കോക്കനട്ട് കോമ്പ്ലക്സ് | XVII/346 to 350 | 20 |
| 8 | ക്ലാസ്സിക് സാനിറ്ററി എംപോറിയം | II/479A | 8 |
| 9 | ജോൺസ് സൂപ്പർ മാർക്കറ്റ് | V/367 | 5 |
| 10 | സെന്റ് ആന്റണീസ് ഓയിൽമിൽ | VI/33,34 | 7 |
| 11 | ജനത സോമിൽ | XIII/591,592,593 | 5 |

കേരള പഞ്ചായത്ത് രാജ് ആക്ട് തൊഴിൽ നികുതി ചട്ടങ്ങൾ ചട്ടം 14 പ്രകാരം ഈ സ്ഥാപന തൊഴിലുടമകളോടോ പ്രതിനിധികളോടോ ലിസ്റ്റ് സമർപ്പിക്കാൻ ആവശ്യപ്പെടുകയോ കേരള പഞ്ചായത്ത് രാജ് ആക്ട് തൊഴിൽ നികുതി ചട്ടങ്ങൾ ചട്ടം 16 പ്രകാരം നടപടി സ്വീകരിക്കുകയോ ചെയ്തിട്ടില്ല . ഇതുസംബന്ധിച്ച ഓഡിറ്റ് അന്വേഷണത്തിന് (ഓഡിറ്റ് അന്വേഷണം നമ്പർ 2/12.07.2020) തൊഴിൽ നികുതി എത്രയും വേഗം അടവാക്കുവാൻ സ്ഥാപന മേധാവികളോട് ആവശ്യപ്പെടുന്നതാണെന്നും ആയത് അടവാക്കുന്ന മുറയ്ക്ക് ടി വിവരം ഓഡിറ്റിൽ അറിയിക്കുന്നതാണെന്നും മറുപടി ലഭിച്ചിട്ടുണ്ട് . തുടർനടപടികൾ ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.

# 1-13 ലൈസൻസ്

തദ്ദേശസ്വയംഭരണ വകുപ്പിന്റെ 31-10-2017 ലെ സ.ഉ.(പി)നം.80/2017 (SRO No.674/2017) പ്രകാരം 1996ലെ കേരള പഞ്ചായത്ത് രാജ് (അസഹ്യവും അപകടകരവുമായ വ്യാപാരങ്ങൾക്കും ഫാക്ടറികൾക്കും ലൈസൻസ് നൽകൽ) ചട്ടങ്ങൾക്ക് ഭേദഗതികൾ പുറപ്പെടുവിച്ചിട്ടുണ്ട്. ആയത് പ്രകാരം ടി ചട്ടത്തിന്റെ പേര് കേരള പഞ്ചായത്ത് രാജ് (ഫാക്ടറികൾക്കും, വ്യാപാരങ്ങൾക്കും, സംരംഭക പ്രവർത്തനങ്ങൾക്കും, മറ്റ് സേവനങ്ങൾക്കും ലൈസൻസ് നൽകൽ) ചട്ടങ്ങൾ നൽകൽ എന്നാക്കി മാറ്റിയിട്ടുള്ളതാകുന്നു. അതനുസരിച്ച് ചട്ടം 10 ലെ പട്ടിക-2 ൽ വിവിധ വ്യാപാരങ്ങൾക്ക് ഈടാക്കാവുന്ന പരമാവധി ഫീസായി ദിവസേനയുള്ള വിറ്റ് വരവിന്റെ അടിസ്ഥാനത്തിൽ നിശ്ചയിച്ചിട്ടുള്ളതിനെ മൈക്രോ, മിനി, സ്മോൾ, മീഡിയം, ലാർജ് സംരംഭങ്ങൾ എന്നിങ്ങനെ തരംതിരിച്ച് മൂലധന നിക്ഷേപത്തിന്റെ അടിസ്ഥാനത്തിൽ പരമാവധി ഈടാക്കാവുന്ന ഫീസ് നിശ്ചയിച്ചിട്ടുള്ളതും ചട്ടം 7 പ്രകാരം II -ാം പട്ടികയിൽ അധികരിക്കാത്ത തുക ഗ്രാമപഞ്ചായത്തിന് ചുമത്താവുന്നതുമാണ്.2018-19 സാമ്പത്തിക വർഷത്തിൽ പുതുക്കിയ നിരക്കിലുള്ള ലൈസൻസ് ഫീ ഈടാക്കിയിരിക്കുന്നത് ഏത് മാനദണ്ഡപ്രകാരമാണ് എന്നത് വ്യക്തമല്ല. അപേക്ഷകളിലും അനുബന്ധരേഖകളിലും മൂലധന നിക്ഷേപം സംബന്ധിച്ച രേഖപ്പെടുത്തലുകൾ ഇല്ല .

# 1-14 കളക്ഷൻ ചാർജ് തനത് വരുമാനമാക്കാവുന്നതാണ്

1996 ലെ കേരള ബിൽഡിംഗ് ആന്റ് അദർ കൺസ്ട്രക്ഷൻ വർക്കേഴ്സ് വെൽഫയർ സെസ്സ് നിയമത്തിലെ വകുപ്പ് 3(3) പ്രകാരം കേരള കൺസ്ട്രക്ഷൻ വർക്കേഴ്സ് വെൽഫയർ ഫണ്ടിനായി പിരിക്കുന്ന തുകയുടെ ഒരു ശതമാനം പിരിച്ചെടുക്കുന്ന അതോറിറ്റിയുടെ തനത് ഫണ്ടിലേക്ക് മുതൽ കൂട്ടാവുന്നതാണ്. 2018-19 സാമ്പത്തിക വർഷത്തിൽ വിവിധ മരാമത്ത് പ്രവൃത്തികളിൽ നിന്നുമായി ഈ ഇനത്തിൽ ഈടാക്കിയ തുകയുടെ പരമാവധി 1% കളക്ഷൻ ചാർജ് ഇനത്തിൽ

ഗ്രാമപഞ്ചായത്തിന്റെ തനത് വരുമാനമാക്കുവാൻ വേണ്ട നടപടികൾ സ്വീകരിക്കേണ്ടതാണ്(ഓഡിറ്റ് അന്വേഷണം നമ്പർ 12/13-07-2020).

# 1-15 അനധികൃത കെട്ടിട നിർമ്മാണം -രജിസ്റ്ററിൽ ഉൾപ്പെടുത്തിയിട്ടില്ല.

ഫയൽ നമ്പർ-എ3-1117/20

ശ്രീ.സുകുമാരൻ, s/o അപ്പു, ആളൂർ കരുവാൻ, കടുപ്പശ്ശേരി എന്ന വ്യക്തി ട്രിബ്യൂണലിൽ പഞ്ചായത്തിനെതിരെ ഫയൽ ചെയ്ത കേസ് (നം.57/19) സംബന്ധിച്ച ഫയൽ പരിശോധിച്ചതിൽ ടിയാൻ 2013 ൽ അനധികൃതമായി പണിത വർക്ക് ഷോപ്പ് ബിൽഡിങ്ങ് സംബന്ധിച്ചാണ് കേസ്. 2014 മുതൽ കേസ് നടന്ന് വരുന്നുണ്ട്. പ്രൊവിഷണലായി പഞ്ചായത്ത് പ്രസ്തുത സ്ഥാപനത്തിന്റെ വസ്തുനികുതി കണക്കാക്കിയതിന്റെ വിവരം ട്രിബ്യൂണൽ മുമ്പാകെ അറിയിച്ചിട്ടുണ്ടെങ്കിലും നാളിതുവരെ പഞ്ചായത്ത് പ്രസ്തുത കെട്ടിടം അനധികൃത കെട്ടിടങ്ങളുടെ രജിസ്റ്ററിൽ ഉൾപ്പെടുത്തിയിട്ടില്ല.കേരള പഞ്ചായത്ത് രാജ് ആക്ട് സെക്ഷൻ 235 എഎ വകുപ്പ് പ്രകാരം ഏതെങ്കിലും ആൾ നിയമാനുസൃതമല്ലാതെ ഒരു കെട്ടിടം നിർമ്മിക്കുകയോ പുനർ നിർമ്മിക്കുകയോ ചെയ്യുന്ന സംഗതിയിൽ അങ്ങനെയുള്ള ആളിനെതിരെ എടുക്കാവുന്ന ഏതെങ്കിലും നടപടിക്ക് ഭംഗം വരാതെ നിർമ്മാണം പൂർത്തിയാക്കിയതോ താമസം തുടങ്ങിയതോ ഏതാണോ ആദ്യം ആ ദിവസം മുതൽ അത് പൊളിച്ചു മാറ്റുന്നതു വരെ വസ്തുനികുതി ചുമത്തേണ്ടതാണ്.

ആയതിനാൽ ഈ വിഷയത്തിൽ കേരള പഞ്ചായത്ത് രാജ് ആക്ട് സെക്ഷൻ 235 എ എ വകുപ്പ് പ്രകാരവും 243 കിട്ടാനുള്ള തുകകൾ ഈടാക്കുന്നതു സംബന്ധിച്ചുള്ള കാലതാമസം സംബന്ധിച്ച് വകുപ്പ് 243 പ്രകാരവും തുടർ നടപടി സ്വീകരിക്കേണ്ടതാണ്.

# 1-16 എസ് സി വിദ്യാർത്ഥികൾക്ക് ഫർണ്ണീച്ചർ-പദ്ധതി മാർഗ്ഗരേഖക്ക് വിരുദ്ധം

പദ്ധതി നമ്പർ-31/19

ബിൽ നമ്പർ-5/18.1.2019-355000/-

നിർവ്വഹണ ഉദ്യോഗസ്ഥ-ഹെഡ്മിസ്ട്രസ് ജിയുപിഎസ് കടുപ്പശ്ശേരി

സ.ഉ(എംഎസ് ) നം.22/2018/തസ്വഭവ .തീയതി 14.2.2018 പ്രകാരം പട്ടികജാതി വിദ്യാർത്ഥികൾക്ക് ഫർണ്ണീച്ചർ പദ്ധതിയിൽ ഫർണ്ണീച്ചർ വാങ്ങി നൽകുന്നത് സ്കൂൾ അധികൃതർ മുഖേന ആയിരിക്കണം എന്നും സ്കൂൾ അധികൃതർ സാക്ഷ്യപ്പെടുത്തി നൽകുന്ന ലിസ്റ്റ് പ്രകാരമായിരിക്കണം എന്നും വ്യക്തമാക്കിയിട്ടുണ്ട്. എന്നാൽ സ്കൂൾ അധികൃതർ നൽകുന്ന ലിസ്റ്റ് പ്രകാരമല്ല ഫർണിച്ചർ നൽകുന്നത്. ഹെഡ്മിസ്ട്രസ് നടപ്പിലാക്കിയ പദ്ധതിയിൽ താഴെ പറയും പ്രകാരം സ്കൂൾ വിദ്യാർത്ഥികൾ അല്ലാത്തവർക്കും ഫർണ്ണീച്ചർ വാങ്ങി നൽകിയിട്ടുണ്ട്. സൂപ്പർഷൈൻ ഇൻഡസ്ട്രീസ് ആളൂർ നിന്നും( ഇൻവോയ്സ് നമ്പർ-046/5.12.2018 - 355000/-രൂ ) 3550രൂ വിലയുള്ള മേശയും കസേരയും ആണ് വാങ്ങി നൽകിയിരിക്കുന്നത്.

1.ജിഷ്ണ പട്ടുക്കുംപറമ്പിൽ ഗവ.ഐ.ടി.ഐ

2.സുവീൺ,പി.വി, ബിടെക്ക്

3.സുബിത ശിവൻ ,ബികോം

4.സുപർണ്ണ.സി.ആർ, ഗവ.ഐ.ടി .ഐ

5.ഹലീഷ് മോഹനൻ ,എം.എസ്.സി.

ഇപ്രകാരം മാർഗ്ഗരേഖക്ക് വിരുദ്ധമായി വാങ്ങിക്കൊടുത്തത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് മറുപടി(12/15.7.2020) നൽകിയത് തൃപ്തികരമല്ല.

# 1-17 എസ് എസ് എ -അധിക വിഹിതം നൽകിയത് ക്രമീകരിക്കേണ്ടതാണ്.

നിർവ്വഹണ ഉദ്യോഗസ്ഥൻ – ഹെഡ്മിസ്ട്രസ്, ജി.യു.പി.എസ്., കടുപ്പശേരി

പദ്ധതി നമ്പർ-29/19 (ജനറൽ)

പദ്ധതി നമ്പർ-63/19(എസ് സി)

ബിൽ നമ്പർ-1/29.5.2018-800000/-രൂ

ബിൽ നമ്പർ-2/25.7.2018-625000/-രൂ

മേൽ പദ്ധതികളായി ആകെ 1425000/-രൂ എസ് എസ് എ വിഹിതം ആയി കൈമാറിയിട്ടുണ്ട്. എസ് എസ് എ പ്രൊജക്ട് ഓഫീസർ നൽകിയ എസ്റ്റിമേറ്റ് പ്രകാരം ആകെ പ്രതീക്ഷിത ചെലവ് 4544200/-രൂ ആയിരുന്നു.എന്നാൽ 1.7.2019 ൽ ലഭ്യമാക്കിയ ധനവിനിയോഗ സർട്ടിഫിക്കറ്റ് പ്രകാരം ആകെ ചെലവ് 2069276/-രൂ ആണ്.ആയതിന്റെ 40% ആയി പഞ്ചായത്ത് നൽകേണ്ടത് 827710/-രൂ ആണ്. ആയതിനാൽ ആധികം നല്കിയ തുക (1425000-827710=597290/-രൂ) വരും വർഷങ്ങളിൽ ക്രമീകരിക്കേണ്ടതാണ്.

# 1-18 ഗ്രാമ ജാലകം -സാംസ്കാരിക പതിപ്പ് -പദ്ധതി മാർഗ്ഗരേഖക്ക് വിരുദ്ധം

പദ്ധതി നമ്പർ-52/19
ചെക്ക് നമ്പർ-2357356/24.12.2018

നിർവ്വഹണ ഉദ്യോഗസ്ഥ-ഹെഡ്മിസ്ട്രസ്

ഗ്രാമ ജാലകം സാസംസ്കാരിക പതിപ്പ് എന്ന പേരിൽ ആനുകാലിക പതിപ്പ് അച്ചടിപ്പിക്കുന്നതിനായി പദ്ധതി തയ്യാറാക്കുകയും തനത് ഫണ്ടിൽ നിന്ന് തുക ചെലവഴിക്കുകയും ചെയ്തിട്ടുണ്ട്.സബ്സിഡി മാർഗ്ഗരേഖ ഉത്തരവ് സ.ഉ(എംഎസ് ) നം.22/2018/തസ്വഭവ .തീയതി 14.2.2018 ഖണ്ഡിക .8.7.4 പ്രകാരം തനത് ഫണ്ട് ഉപയോഗിച്ച് നടപ്പാക്കുന്ന പദ്ധതികൾക്ക് മാർഗ്ഗരേഖയിലെ നിബന്ധനകൾ ബാധകമാണ്.സാംസ്കാരിക പതിപ്പ് അച്ചടിക്കുന്നത് സംബന്ധിച്ച് മാർഗ്ഗരേഖയിൽ പ്രതിപാദിച്ചിട്ടില്ല.ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (10/15.7.2020) മറുപടി ലഭ്യമാക്കിയിട്ടില്ല.മാർഗ്ഗരേഖയിൽ പ്രതിപാദിക്കാത്ത പദ്ധതികൾ നടപ്പിലാക്കുന്നത് ഒഴിവാക്കേണ്ടതാണ്.

# 1-19 കന്നുകുട്ടി പരിപാലന പദ്ധതി -അധിക വിഹിതം നൽകിയത് തിരികെ ഈടാക്കേണ്ടതാണ്.

പദ്ധതി നമ്പർ-22/19

നിർവ്വഹണ ഉദ്യോഗസ്ഥൻ-വെറ്ററിനറി സർജൻ

ബിൽ തുക-625000/-

വെറ്ററിനറി സർജൻ നിർവ്വഹണ ഉദ്യോഗസ്ഥനായി നടപ്പിലാക്കിയ കന്നുകുട്ടി പരിപാലന പദ്ധതി യിൽ ഒരു ഗുണഭോക്താവിന് 12500/- രൂപ നിരക്കിൽ 50 കന്നുകുട്ടികളുടെ വിഹിതമായി 625000/-രൂപ എസ്.എൽ.ബി.പി.ക്ക് കൈമാറിയിട്ടുണ്ട്. 2019 മാർച്ച് മുതൽ പദ്ധതി ആരംഭിച്ചിട്ടുണ്ട്.

തീററ വിതരണം നടത്തിയ കട്ടപ്പശ്ശേരി ക്ഷീര സംഘത്തിന്റെ നാൾ വഴി രജിസ്ററർ പരിശോധിച്ചതിൽ താഴെ പറയുന്ന ഗുണഭോക്താക്കൾ തീറ്റ മുഴുവൻ കൈപ്പറ്റാതെ പദ്ധതിയിൽ നിന്നും വിട്ടുപോയതായി കാണുന്നു.വിശദാംശം താഴെ ചേർക്കുന്നു.

1.ആന്റണി തീതായി -1മാസം വാങ്ങി (സബ്സിഡി തുക 615 രൂ)

2. വർഗ്ഗീസ് പെരേപ്പാടൻ ,വേളൂക്കര -വാങ്ങിയില്ല

3.ലളിത തൈപ്പറമ്പിൽ, പട്ടേപ്പാടം - 3മാസം വാങ്ങി (സബ്സിഡി തുക 1845/-രൂ)

പദ്ധതി അവസാനിക്കുന്ന മുറക്ക് വിനിയോഗ സാക്ഷ്യപത്രം വാങ്ങി ചെലവഴിക്കാതെ ബാക്കി നിൽക്കുന്ന സബ്സിഡി തുക കൺസോളിഡേറ്റഡ് ഫണ്ടിൽ തിരികെ അടവാക്കേണ്ടതാണ്.

## 1-20 ലൈഫ് ഭവനപദ്ധതി-മുഴുവൻ തുകയും കൈപ്പറ്റുംമുൻപ് അവിവാഹിതയായ ഗുണഭോക്താവ് മരണപ്പെട്ടു- പണിപൂർത്തിയാക്കി ,നിയമപരമല്ലാത്ത അവകാശി ഭവനം ഉപയോഗിക്കുന്നു.

വി ഇ ഒ കൊറ്റനെല്ലൂർ നിർവഹണോദ്യഗസ്ഥയായ, പദ്ധതി നം.45/19, ലൈഫ് ജനറൽ എന്ന പദ്ധതിയിൽ ഉൾപ്പെട്ട, റസിയ, പെരുമ്പിലായി എന്ന അവിവാഹിതയായ ഗുണഭോക്താവിന്, ഒന്നും ,രണ്ടും ഗഡുക്കൾ, മൊത്തം രണ്ട് ലക്ഷം രൂപ, താഴെ പറയും പ്രകാരം നൽകിയിട്ടുണ്ട്.

ബിൽ നം.2/18-19,dt.23-7-18, പ്രകാരം ,40000/രൂപ, ബിൽ നം.4/18-19, dt.14-8-18,പ്രകാരം, 1,60,000/ രൂപ

എന്നാൽ, മൂന്നാം ഗഡു കൈപ്പറ്റുന്നതിന് മുൻപ്, 3-12-18ന് ഗുണഭോക്താവ് മരണപ്പെട്ടു. അവിവാഹിതയും, നിയമപരമായ അവകാശികൾ ഇല്ലാത്തതുമായ , ടിയാരിയുടെ മരണത്തെത്തുടർന്ന് , ടിയാരിയുടെ , സഹോദരി ഭർത്താവ് അയാളുടെ പണം മുടക്കി ഭവനനിർമാണം പൂർത്തിയാക്കുകയും, ഭവനം ഉപയോഗിക്കുകയും ചെയ്യുന്നു.

മരണപ്പെട്ട ഗുണഭോക്താവിന്റെ ,നിയമപരമല്ലാത്ത അവകാശിയും, സർക്കാർ ധനസഹായത്തിന് അർഹതയില്ലാത്തതുമായ ഒരുവ്യക്തി , പദ്ധതി വിഹിതം ഉപയോഗിച്ച് നിർമാണം നടത്തിയ ഭവനം ഉപയോഗിക്കുന്നത് ശരിയായ നടപടിയല്ല. ആയതിലേക്ക് ഭരണസമിതിയുടെ പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു

## 1-21 ശമ്പളപരിഷ്കരണ കുടിശ്ശിക ക്രമീകരിച്ചപ്പോൾ , വർദ്ധനവിനാനുപാതികമായി , പെൻഷൻ കോൺട്രിബ്യൂഷൻ അടവാക്കിയില്ല.

താഴെ പറയുന്ന വൗച്ചറുകൾ പ്രകാരം, ശമ്പളപരിഷ്കരണ കുടിശ്ശികയുടെ, മൂന്നും, നാലും ഗഡുക്കൾ ക്രമീകരിച്ചപ്പോൾ, വർദ്ധനവിനാനുപാതികമായ പെൻഷൻ കോൺട്രിബ്യൂഷൻ അടവാക്കിയിട്ടില്ല. വിശദവിവരങ്ങൾ താഴെ ചേർക്കുന്നു.

| വൗച്ചർ നമ്പർ/ തിയതി | തുക | റിമാർക്സ് |
|---|---|---|
| 2180060 – 9/18 | 33419/- | അസിസ്റ്റന്റ് സെക്രട്ടറി, രജനി, ഹെഡ് ക്ലർക്ക്, സിന്ധു എന്നിവരുടെ ശമ്പള പരിഷ്കരണ കുടിശ്ശിക മൂന്നാം ഗഡു |
| നം.21800688 – 10/18 | 16841/- | അസിസ്റ്റന്റ് സെക്രട്ടറി രജനിയുടെ ശമ്പള പരിഷ്കരണ കുടിശ്ശിക നാലാം ഗഡു |
| 21800687- 10/18 | 165872 | എസ്റ്റാബ്ലിഷ്മെന്റ് ശമ്പള പരിഷ്കരണ കുടിശ്ശിക – നാലാം ഗഡു |

വർദ്ധനവിനാനുപാതികമായ പെൻഷൻകോൺട്രിബ്യൂഷൻ അടവാക്കേണ്ടതാണ്.

## 1-22 മെഡിക്കൽ സർവീസ് കോർപ്പറേഷനിൽ നിന്നും മുഴുവൻ തുകയ്ക്കുള്ള ഉപകരണങ്ങൾ ലഭ്യമായില്ല.

മെഡിക്കൽ ഓഫീസർ, പി.എച്ച്.സി. നടപ്പാക്കിയ പാലിയേറ്റീവ് പദ്ധതിയുടെ ഭാഗമായി താഴെ പറയുന്ന ബിൽ

പ്രകാരം,75000 രൂപ, കേരളാ മെഡിക്കൽ സർവീസ് കോർപ്പറേഷന് നൽകിയിട്ടുണ്ട്. (ബിൽ നം.21/18-19, dt.20-12-18) എന്നാൽ നാളിതുവരെയായി,62805/രൂപയുള്ള ഉപകരണങ്ങൾ മാത്രമാണ് ലഭ്യമായിട്ടുള്ളത്. ബാക്കി തുകയുള്ള ഉപകരണങ്ങൾ അടിയന്തിരമായി ലഭ്യമാക്കേണ്ടതാണ്.

# 1-23 ജൻ ഔഷധിയിൽ നിന്നും വാങ്ങിയ മരുന്നുകൾ സ്റ്റോക്കിൽ എടുത്തിട്ടില്ല.

നിർവ്വഹണോദ്യോഗസ്ഥൻ – മെഡിക്കൽ ഓഫീസർ, പി.എച്ച്.സി.

പദ്ധതി നം.34/19, പ്രാഥമികാരോഗ്യകേന്ദ്രത്തിലേക്കും, സബ്സെന്ററുകളിലേക്കും മരുന്ന് വാങ്ങൽ എന്ന പദ്ധതിയുടെ ഭാഗമായി , ബിൽ നം.15/18-19, dt.28-11-18 പ്രകാരം ,6800/രൂപയുടെ താഴെ പറയുന്ന മരുന്നുകൾ , ജൻ ഔഷധിയിൽ നിന്നും വാങ്ങിയിട്ടുണ്ട്.

Temisartan 40mg---5000Nos

Metoprolol succinate 50mg—2500Nos

ഈ മരുന്നുകൾ സ്റ്റോക്കിൽ ചേർത്ത് , സ്റ്റോക്ക് രജിസ്റ്റർ പരിശോധനയ്ക്ക് ഹാജരാക്കേണ്ടതാണ്.

# 1-24 വിനിയോഗ സാക്ഷ്യപത്രം ഹാജരാക്കേണ്ടതാണ്

സെക്രട്ടറി നിർവഹണോദ്യഗസ്ഥനായ താഴെ പറയുന്ന പദ്ധതികളുടെ വിനിയോഗസാക്ഷ്യപത്രം ലഭ്യമായിട്ടില്ല. വിശദവിവരങ്ങൾ താഴെ ചേർക്കുന്നു.

| പദ്ധതിയുടെ പേര് | പദ്ധതി നം | കൈമാറിയ തുക | കൈമാറിയ സ്ഥാപനം | ബിൽ നം/ തിയതി |
|---|---|---|---|---|
| തെരുവ് വിളക്കുകൾക്ക് സ്ട്രീറ്റ് മെയിൻ എക്സ്റ്റൻഷൻ | 3/19 | 1398731,794976,200000 | കെ എസ് ഇ ബി | 11/11-7-18,21/11-10-18,119/9-10-18 |
| സുശാന്തം-വയോജനക്ഷേമകേന്ദ്ര പ്രവർത്തനം | 61/19 | 50000 | ജില്ലാ പഞ്ചായത്ത് | 5/18-19,dt.28-5-18 |
| വിജ്ഞാൻസാഗർ അനുബന്ധപ്രവർത്തനങ്ങൾ | 62/19 | 100000 | ജില്ലാ പഞ്ചായത്ത് | 6/18-19,28-5-18 |

വിനിയോഗസാക്ഷ്യപത്രം ലഭ്യമാക്കി ഓഡിറ്റിന് ഹാജരാക്കേണ്ടതാണ്.

# 1-25 സ്പിൽ ഓവർ പ്രൊജക്റ്റുകളുടെ ആധിക്യം-തൻവർഷപ്രൊജക്റ്റുകൾ 70% 2019-20 ലേക്ക് സ്പിൽ ഓവറാക്കി

അസി.എഞ്ചിനീയറുടെ പദ്ധതികൾക്കായി 2018-19 വർഷം 5,75,45,566 രൂപ വകയിരുത്തിയിരുന്നതിൽ (സുലേഖ പത്രിക പ്രകാരം) തൻവർഷം ചെലവഴിച്ചത് 2,93,23,781 രൂപ മാത്രമാണ്. 2018-19 വർഷം ആകെ 174 മരാമത്ത് പ്രൊജക്ടുകളാണുണ്ടായിരുന്നത്,99 എണ്ണം തൻവർഷത്തേതും 75 എണ്ണം സ്പിൽ ഓവറും.ആയതിൽ നടപ്പാക്കിയത് തൻവർഷത്തെ 30,spill over 65,ആകെ 95 എണ്ണം.

2018-19 സാമ്പത്തിക വർഷത്തിൽ 75 സ്പില്ല് ഓവർ മരാമത്ത് പ്രൊജക്ടുകൾ ഉൾപ്പെടുത്തിയിരുന്നതിൽ 10 എണ്ണം 2019-20 ലേക്ക് വീണ്ടും സ്പിൽ ഓവറായി.ഈ സ്പിൽ ഓവർ പദ്ധതികളിൽ പലതും 2016-17 വർഷത്തെ പദ്ധതികളായിരുന്നു.

2018-19 വർഷം 99 തൻവർഷ മരാമത്ത് പ്രൊജക്ടുകൾ ഉണ്ടായിരുന്നതിൽ 69 എണ്ണവും അടുത്ത വർഷത്തിലേക്ക് സ്പിൽ ഓവർ ആയിട്ടുണ്ട്.

മേൽ പറഞ്ഞപ്രകാരം പദ്ധതികൾ സ്പിൽ ഓവറായി നീണ്ടുപോകുന്നതിന്റെ കാരണം അറിയിക്കേണ്ടതാണ്.
( ഓഡിറ്റ് എൻക്വയറി 4/11.7.2020)

# 1-26 ജി.എസ്.ടി ഈടാക്കിയിട്ടില്ല

i)നടവരമ്പ് കല്ലംകുന്ന് ബ്രാഞ്ച് റോഡ് കോൺക്രീറ്റിംഗ്.s0163/19

അടങ്കൽ-MG(R)-364000

ചെലവ്-ട്രഷറി ബില്ല്-48/31.10.2018 , 363977/-

കരാറുകാരൻ-കെ.കെ.ഷാജി ,        കരാർ നം.02/AE,LSGD/VLK/2018-19/dt.6.9.2018

ii)കുറിയേടത്ത്മന കാളിക്കുളം റോഡ് കോൺക്രീറ്റിംഗ്,വാർഡ് 6 ,s094/19

അടങ്കൽ-MG(R)-345000

ചെലവ്-ട്രഷറി ബില്ല്-50/31.10.2018 , 344816/-

കരാറുകാരൻ-കെ.കെ.ഷാജി ,     കരാർ നം.01/AE,LSGD/VLK/2018-19/dt.6.9.2018

6.9.2018 തിയതി കരാർ വച്ച് പണി ആരംഭിച്ച മേൽ പ്രവൃത്തികളുടെ ചെലവുതുക ട്രഷറിയിൽ നിന്നും പിൻവലിച്ചത് 31.10.2018നാണ്. ഫൈനൽബില്ല് തുകകളിൽ നിന്നും IT,KCFFW എന്നീ വിഹിതങ്ങൾ മാത്രമാണ് കുറവുചെയ്തത് . CGST,SGST വിഹിതങ്ങൾ കുറവു ചെയ്ത് സർക്കാരിലേക്ക് അടവാക്കിയിട്ടില്ല. മേൽ വിഷയം പരിശോധിച്ച് മറുപടി ലഭ്യമാക്കാനാവശ്യപ്പെട്ട നൽകിയ ഓഡിറ്റ് എൻക്വയറി 3/13.7.2020 ന് മറുപടി നൽകിയിട്ടില്ല. ആവശ്യമായ നടപടികൾ സ്വീകരിക്കേണ്ടതാണ്.

# 1-27 പഞ്ചായത്തിലെ ചിറകളുടെ ബണ്ട് കെട്ട്-അപാകതകൾ

അടങ്കൽ-വികസന ഫണ്ട്-2,00,000 + ഗുണഭോക്തൃവിഹിതം (സ്ഥാപനത്തിൽ അടക്കുന്നത്)-30,000 + തനത് ഫണ്ട്-1,00,000 ,
ആകെ = 3,30,000

കരാറുകാരൻ-കെ.കെ.വിൻസന്റ് ,     കരാർ നം 11/AE,VLK/ 2017-18/28.12.2017

അളവു പുസ്തകം-238/17-18

ചെലവ്- ട്രഷറി ബിൽ നം 35/31.7.2018 , 2,00,000 + തനത് ഫണ്ട് വൗച്ചർ നം 21800462/31.7.18(TSB ch. no.2357009)-72,170 , ആകെ = 2,72,170/-

<u>അപാകതകൾ</u>

(i) പ്രൊജക്റ്റിൽ 10 % ഗുണഭോക്തൃവിഹിതം ഉൾപ്പെടുത്തിയിട്ടുണ്ടെങ്കിലും ചെലവിൽ ഗുണഭോക്തൃവിഹിതം ഉൾപ്പെടുത്തിയതായി കാണുന്നില്ല. ആകെ ചെലവുതുകയായ 2,72,170/- രൂപയുടെ 10 %തുക ഗുണഭോക്തൃവിഹിതത്തിൽ നിന്നുമാണ് പ്രൊജക്റ്റ് അനുസരിച്ച് ചെലവുവേണ്ടത്.

ഈ പദ്ധതിക്കായി ഗുണഭോക്തൃവിഹിതം പിരിച്ച് അടവാക്കിയതിന്റെയും ആയത് ചെവഴിച്ചിട്ടുണ്ടെങ്കിൽ ആയതിന്റെയും വിവരം ലഭ്യമാക്കേണ്ടതാണ്.

(ii)അളവു പുസ്തകപ്രകാരം ഇനം 1 Filling with contractors own earth....എന്ന പണിയുടെ അളവുകൾ കൂട്ടുമ്പോൾ 186.2 m3 എന്നാണ് ലഭിക്കുന്നത്,എന്നാൽ അളവു പുസ്തകത്തിൽ തെറ്റായി 196.32 m3എന്ന രേഖപ്പെടുത്തി തുക അനുവദിച്ചുകാണുന്നു.

തുക അനുവദിച്ചത്-196.32 m3 x 436.37/ m3 = 85668.16/-

അനുവദിക്കാവുന്നത്- 186.2 m3 x 436.37 / m3 = 81252.09/- . അധികം അനുവദിച്ചത്- 4416/-രൂപ ,
അധികം നൽകിയ തുക ഉത്തരവാദിയിൽ നിന്നും തിരികെ ഈടാക്കേണ്ടതാണ്.

(iii) ഇനം 2 ൽ 409.12 m3 മണ്ണ് ലഭിച്ചത് ,ചിറ നിർമ്മാണത്തിനായി ഉപയോഗിച്ചുകാണുന്നില്ല. ആയതിന് കാരണം വ്യക്തമാക്കേണ്ടതാണ്
(മേൽ പറഞ്ഞ അപാകതകൾ സംബന്ധിച്ച് പരിശോധിച്ച് മറുപടി ലഭ്യമാക്കാനാവശ്യപ്പെട്ട നൽകിയ ഓഡിറ്റ് എൻക്വയറി 6/13.7.2020ന് മറുപടി ലഭ്യമാക്കിയിട്ടില്ല. )

# 1-28 ട്രാൻസ്ഫോർമർ കണ്ണൂക്കാടൻമൂല റോഡിൽ കൾവർട്ടും സംരക്ഷണഭിത്തിയും നിർമ്മിക്കൽ-അധികം തുക അനുവദിച്ചു.

അടങ്കൽ-ധനകാര്യകമ്മീഷൻ ഗ്രാന്റ്-420000/-

ചെലവ്-ട്രഷറി ബിൽ നം 25/24.5.2018/ 4,20,000/-

കരാറുകാരൻ-കെ.കെ.വിൻസന്റ് , കരാർ നം.14/AE,VLK/ 2017-18/28.12.2017

TS No.16883/2017-18 /17.7.2017 , തുക , 4,20,000/-

മേൽ പ്രവൃത്തിയുടെ റിവൈസ്ഡ് എസ്റ്റിമേറ്റിൽ ഇനം 1.6 Filling with contractors own earth എന്ന പണി ഒഴിവാക്കിയും, ഇനം 2.2-Providing and laying in position cement concrete....എന്ന പണിയുടെ അളവ് , 1 x 6.80 x 2.65 x 0.300 = 5.41 m3 എന്നത്

1 x 6.8 x 2.65 x 0.200 = 3.604 m3 എന്നാക്കി തിരുത്തൽ വരുത്തിയും 401781/- രൂപയുടെ പ്രവൃത്തിക്കാണ് അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ റിവൈസ്ഡ് ടെക്ക്നിക്കൽ സാങ്ക്ഷൻ നൽകിയിട്ടുള്ളത്. എന്നാൽ തുക അനുവദിച്ചപ്പോൾ ഇക്കാര്യം പരിഗണിക്കാതെ 4,20,000/-രൂപയും ചെലവഴിച്ചു.
വിശദ വിവരം താഴെ കൊടുക്കുന്നു.

(i) അളവു പുസ്തകം 216/17-18 പ്രകാരം, ഇനം 2.1 പണിയിൽ 34.11 m3 + 12.285 m3 = 46.38 m3 ലഭിച്ചതിനാൽ ഇനം 1.6 ലെ മണ്ണ് ഫില്ലിംഗ് പണിയുടെ അളവും തുകയും ഒഴിവാക്കി റൗണ്ട് ചെയ്തിട്ടുണ്ടെങ്കിലും ആകെ തുകയിൽ ഈ ഇനത്തിന്റെ തുക ( 32.97 m3 x 279.35 / m3 = 9210.17 /- ) ഉൾപ്പെടുത്തിയിട്ടുണ്ട്.അതായത് 9210.17 /- രൂപ അധികം അനുവദിച്ചു. പണി ഒറിജിനൽ എസ്റ്റിമേറ്റ് പ്രകാരം 30 cm കനത്തിലാണ് ചെയ്യാൻ നിശ്ചയിച്ചിരുന്നത്. എന്നാൽ റിവൈസ്ഡ് എസ്റ്റിമേറ്റ് പ്രകാരം ഇത് 20 cm കനത്തിലാക്കി കുറച്ചിട്ടുണ്ട്. ഇത് പരിഗണിക്കാതെ 30 cm കനത്തിൽ തന്നെ തുക അനുവദിക്കുകയാണ് ഉണ്ടായത്.

(ii) ഇനം 2.2 ,കോൺക്രീറ്റ് ചെയ്യുന്ന പണി ചെയ്തിരിക്കുന്നത് (7.2 + 6.35) / 2 x 2.65 x 0.300 = 5.386 m3 അളവിൽ ആണ്

ആയതിന് അനുവദിച്ചത് 5.386 m3 x 6278.37 / m3 = 33815.30 /- രൂപയാണ്.എന്നാൽ റിവൈസ്ഡ് എസ്റ്റിമേറ്റ് പ്രകാരം ചെയ്യാവുന്നത് (7.2 + 6.35) / 2 x 2.65 x 0.200 = 3.59075 m3 അളവിലും ആയതിന് അനുവദിക്കാവുന്നത്

3.59 m3 x 6278.37 / m3 = 22544.05 - രൂപയുമാണ്.അധികം അനുവദിച്ചത് = 11271.24- രൂപ.
മേൽ പരാമർശിച്ച വിഷയം പരിശോധിച്ച് മറുപടി ലഭ്യമാക്കണമെന്നാവശ്യപ്പെട്ട നൽകിയ ഓഡിറ്റ് എൻക്വയറി 5/13.7.2020 ന് മറുപടി ലഭിച്ചിട്ടില്ല.അധികം നൽകിയതുക 9210.17 + 11271.24 = 20481 രൂപ ഉത്തരവാദിയിൽ നിന്നും ഈടാക്കേണ്ടതാണ്.

# 1-29 മരാമത്ത് പ്രവൃത്തികൾ വൈകി പൂർത്തീകരിച്ചതിന് ഫൈൻ ഈടാക്കിയിട്ടില്ല,മറ്റ് അപാകതകൾ

താഴെ പറയുന്ന മരാമത്ത് പ്രവൃത്തികൾ കരാർ പ്രകാരമുള്ള കാലയളവിൽ പൂർത്തീകരിച്ചിട്ടില്ല.വൈകിയതിന് കാരണം സംബന്ധിച്ച വിവരം ഫയലിൽ ഇല്ല.കരാറിലെ 7ാം വ്യവസ്ഥ പ്രകാരം മുൻകൂട്ടി കാണാൻ കഴിയാത്ത കാരണങ്ങളാൽ നിശ്ചിത സമയത്തിനുള്ളിൽ പ്രവൃത്തി പൂർത്തിയാക്കാൻ സാധിച്ചില്ലെങ്കിൽ നിശ്ചിത കാലാവധിയുടെ 20ശതമാനം കൂടി പിഴ കൂടാതെ അനുവദിക്കാവുന്നതാണ്.അതിൽ കൂടുതൽ വരുന്ന മൂന്ന് മാസം വരെ സമയം കരാർ തുകയുടെ 1 ശതമാനം പിഴ ചുമത്തിക്കൊണ്ടും പിന്നീട് ഓരോ 3 മാസത്തിനും കരാർ തുകയുടെ 2 ശതമാനം വീതം ചുമത്തിക്കൊണ്ടും മാത്രമേ കാലാവധി നീട്ടി കൊടുക്കുകയുള്ളൂ.ഫൈൻ ഈടാക്കി പൂർത്തീകരണകാലാവധി നീട്ടിനൽകിയതായി കാണുന്നില്ല. ഫൈനൽ ബില്ലിൽ നിന്നും ഫൈൻ കുറവുചെയ്തിട്ടുമില്ല. വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്രമ നം | പ്രവൃത്തിയുടെ പേര്, അടങ്കൽ തുക | കരാറുകാരന്റെ പേര്, കരാർ നം,തിയതി | ട്രഷറി ബിൽ നമ്പർ, തിയതി, ചെലവ് തുക | സൈറ്റ് കൈമാറിയ തിയതി, പൂർത്തീകരിക്കേണ്ട തിയതി | പ്രവൃത്തി പൂർത്തീകരിച്ച തിയതി, അളവു പുസ്തകം |
|---|---|---|---|---|---|
| 1 | തുമ്പൂർ ഹൈസ്കൂൾ റോഡ് റീടാറിംഗ്, വാർഡ് 11,12 | കെ.കെ.വിൻസന്റ് 17/AE/VLK/2017-18/28.12.2017 | Part bill, 2017-18=151213 70/31.12.18 =328401 total=479614 | 17.12.17 16.6.18 | 27.12.18 240/17-18 |
| 2 | പെരുമ്പാലത്തോട് സംരക്ഷണം, വാർഡ്-1 | കെ.കെ.ഷാജി 21/AE/VLK/2017-18/5.1.2018 | 92/26.3.19 399403 | 5.1.2018 4.7.2018 | 28.1.19 198/18-19 |
| 3 | പറക്കാട്ടുകുന്ന് ചങ്ങാലിക്കളം റോഡ് മെറ്റലിംഗ്,ward 11 | കെ.കെ.വിൻസന്റ് 15/AE/LSGD/VLK/2017-18/28.12.2017- | പാർട്ട് ബിൽ-47697 ട്രഷറി ബിൽ നം. 73/31.12.2018 , 173815, ആകെ=221512/- | 28.12.2017 27.6.2018 | 20.10.2018 167/2017-18 |

മറ്റ് അപാകതകൾ-(i) ക്രമ നം 1 ,ക്രമ നം 2 പ്രവൃത്തികളിൽ കരാറുകാരന് സെലക്ഷൻ നോട്ടീസ് അയച്ചത് 27.11.2017 നാണ്, കരാർ വച്ചത് 28.12.2017 ന് അതായത് ഒരുമാസത്തിനു ശേഷം.സെലക്ഷൻ നോട്ടീസ് പ്രകാരം നോട്ടീസ് കൈപ്പറ്റി ഒരാഴ്ചക്കുള്ളിൽ കരാർ വക്കേണ്ടതായിരുന്നു.കൂടാതെ,ക്രമ നം 1 പ്രവൃത്തിയിൽ കരാറുകാരന് സൈറ്റ് കൈമാറിയത് 17.12.17 ന് . കരാർ വക്കുന്നതിന് മുൻപ് പദ്ധതി പ്രദേശം കരാറുകാരനെ ഏല്പിച്ചു.

(ii) ക്രമ നം 2 പ്രവൃത്തിയിൽ 5.1.2018 ന് സൈറ്റ് കൈമാറിയിട്ടുണ്ട്. അളവു പുസ്തകപ്രകാരം ആദ്യ അളവെടുത്തിരിക്കുന്നത് 3.1.2019നാണ്. അതായത് ഒരു വർഷത്തോളം വൈകിയാണ് പണി ആരംഭിച്ചതെന്ന് കരുതാവുന്നതാണ്. ഈ പ്രവൃത്തിയിൽ Earth work excavation,DR,RR എന്നീ പണികളാണ് ഉൾപ്പെടുത്തിയിരിക്കുന്നത്.ടാറിന്റെ പണികളില്ല.പണി ആരംഭിക്കാൻ വൈകിയതിന് കാരണം വ്യക്തമല്ല.

മേൽ വിഷയങ്ങൾ പരിശോധിച്ച് മറുപടി ലഭ്യമാക്കാനാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് മറുപടി ലഭിച്ചിട്ടില്ല. മരാമത്ത് പ്രവൃത്തികൾക്കായി കരാറുകാരനെ തെരഞ്ഞെടുത്തശേഷം യഥാസമയം കരാർ വച്ച് പ്രവൃത്തി പ്രദേശം കൈമാറേണ്ടതും പ്രവൃത്തിപൂർത്തികരണത്തിലെ അനാവശ്യകാലതാമസം ഒഴിവാക്കേണ്ടതുമാണ്. കാലതാമസം

വരുന്ന പക്ഷം കരാർനിബന്ധനക്കനുസരിച്ച് കാലാവധി നീട്ടിനൽകേണ്ടതും, കരാറുകാരനിൽ നിന്നും നിയമപ്രകാരം പിഴ ഈടാക്കേണ്ടതുമാണ്.

## 1-30 ഐക്കരക്കുന്ന് ലിങ്ക് ബൈലൈൻ റോഡ് കോൺക്രീറ്റിംഗ്-അധികം തുക അനുവദിച്ചു

നിർവ്വഹണം- അസിസ്റ്റന്റ് എഞ്ചിനീയർ

പ്രൊജക്റ്റ് നം – SO 150/19

അടങ്കൽ-മെയിന്റനൻസ് ഗ്രാന്റ്(റോഡ്)-105000

ചെലവ്-ട്രഷറി ബില്ല് നം-53/22.11.2018 , 105000/-

കരാറുകാരൻ-കെ.കെ.ഷാജി , കരാർ നം 42/AE , LSGD/VLK/2018-19/9.10.18

അളവുപുസ്തകം 167/17-18 പ്രകാരം 104518/- രൂപയുടെ ഫൈനൽ ബില്ല് ആണ് അസി.എക്സി.എഞ്ചിനീയർ അംഗീകരിച്ചിട്ടുള്ളത്.എന്നാൽ ട്രഷറിയിൽ നിന്നും 105000/-രൂപ പിൻവലിച്ചിട്ടുണ്ട്.

(കോൺട്രാക്ടർക്ക് -102900, IT- 1050 , KCWWF – 1050 , Total=105000/-)

482/-രൂപ അധികം ചെലവാക്കിയിട്ടുണ്ട്, പരിശോധിച്ച് മറുപടി ലഭ്യമാക്കണമെന്നാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറി നം 13/15.7.2020 ക്ക് മറുപടി നൽകിയിട്ടില്ല. അധികം നൽകിയതുക ഉത്തരവാദിയിൽ നിന്നും തിരികെ ഈടാക്കേണ്ടതാണ്.

# ഭാഗം -2

# വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

### [KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഈ ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

## 2-1 വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

ഇല്ല

# ഭാഗം -3

# ചെലവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

### [KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

## 3-1 ട്രാൻസ്ഫോർമർ കണ്ണൂക്കാടൻമൂല റോഡിൽ കൾവർട്ടും സംരക്ഷണഭിത്തിയും നിർമ്മിക്കൽ-അധികം തുക അനുവദിച്ചു.

നിർവ്വഹണം- അസി.എഞ്ചിനീയർ

അടങ്കൽ-ധനകാര്യകമ്മീഷൻ ഗ്രാന്റ്-420000/-

ചെലവ്-ട്രഷറി ബിൽ നം 25/24.5.2018/ 4,20,000/-

കരാറുകാരൻ-കെ.കെ.വിൻസന്റ് , കരാർ നം.14/AE,VLK 2017-18/28.12.2017

TS No.16883/2017-18 /17.7.2017 , തുക , 4,20,000/-

മേൽ പ്രവൃത്തിയുടെ റിവൈസ്ഡ് എസ്റ്റിമേറ്റിൽ ഇനം 1.6 Filling with contractors own earth എന്ന പണി ഒഴിവാക്കിയും, ഇനം 2.2-Providing and laying in position cement concrete....എന്ന പണിയുടെ അളവ് , 1 x 6.80 x 2.65 x 0.300 = 5.41 m3 എന്നത് 1 x 6.8 x 2.65 x 0.200 = 3.604 m3 എന്നാക്കി തിരുത്തൽ വരുത്തിയും 401781/- രൂപയുടെ പ്രവൃത്തിക്കാണ് അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ റിവൈസ്ഡ് ടെക്ക്നിക്കൽ സാങ്ക്ഷൻ നൽകിയിട്ടുള്ളത്. എന്നാൽ തുക അനുവദിച്ചപ്പോൾ ഇക്കാര്യം പരിഗണിക്കാതെ 4,20,000/-രൂപയും ചെലവഴിച്ചു.
വിശദ വിവരം താഴെ കൊടുക്കുന്നു.

(i) അളവു പുസ്തകം 216/17-18 പ്രകാരം, ഇനം 2.1 പണിയിൽ 34.11 m3 + 12.285 m3 = 46.38 m3 ലഭിച്ചതിനാൽ ഇനം 1.6 ലെ മണ്ണ് ഫില്ലിംഗ് പണിയുടെ അളവും തുകയും ഒഴിവാക്കി റൗണ്ട് ചെയ്തിട്ടുണ്ടെങ്കിലും ആകെ തുകയിൽ ഈ ഇനത്തിന്റെ തുക ( 32.97 m3 x 279.35 / m3 = 9210.17 /- ) ഉൾപ്പെടുത്തിയിട്ടുണ്ട്.അതായത് 9210.17 /- രൂപ അധികം അനുവദിച്ചു.

(ii) ഇനം 2.2 ,കോൺക്രീറ്റ് ചെയ്യുന്ന പണി ഒറിജിനൽ എസ്റ്റിമേറ്റ് പ്രകാരം 30 cm കനത്തിലാണ് ചെയ്യാൻ നിശ്ചയിച്ചിരുന്നത്. എന്നാൽ റിവൈസ്ഡ് എസ്റ്റിമേറ്റ് പ്രകാരം ഇത് 20 cm കനത്തിലാക്കി കുറച്ചിട്ടുണ്ട്. ഇത് പണി ചെയ്തിരിക്കുന്നത് (7.2 + 6.35) / 2 x 2.65 x 0.300 = 5.386 m3 അളവിൽ ആണ്

ആയതിന് അനുവദിച്ചത് 5.386 m3 x 6278.37 / m3 = 33815.30 /- രൂപയാണ്.എന്നാൽ റിവൈസ്ഡ് എസ്റ്റിമേറ്റ് പ്രകാരം ചെയ്യാവുന്നത് (7.2 + 6.35) / 2 x 2.65 x 0.200 = 3.59075 m3 അളവിലും ആയതിന് അനുവദിക്കാവുന്നത്

3.59 m3 x 6278.37 / m3 = 22544.05 - രൂപയുമാണ്.അധികം അനുവദിച്ചത് = 11271.24- രൂപ.
മേൽ പരാമർശിച്ച വിഷയം പരിശോധിച്ച് മറുപടി ലഭ്യമാക്കണമെന്നാവശ്യപ്പെട്ടു നൽകിയ ഓഡിറ്റ് എൻക്വയറി 5/13.7.2020 ന് മറുപടി ലഭിച്ചിട്ടില്ല.അധികം നൽകിയതുക 9210.17 + 11271.24 = 20481 രൂപ ഉത്തരവാദിയിൽ നിന്നും ഈടാക്കേണ്ടതാണ്.

# 3-2 ഐക്കരക്കുന്ന് ലിങ്ക് ബൈലൈൻ റോഡ് കോൺക്രീറ്റിംഗ്-അധികം തുക അനുവദിച്ചു

നിർവ്വഹണം- അസിസ്റ്റന്റ് എഞ്ചിനീയർ
പ്രൊജക്റ്റ് നം – SO 150/19
അടങ്കൽ-മെയിന്റനൻസ് ഗ്രാന്റ്(റോഡ്)-105000
ചെലവ്-ട്രഷറി ബില്ല് നം-53/22.11.2018 , 105000/-
കരാറുകാരൻ-കെ.കെ.ഷാജി , കരാർ നം 42/AE , LSGD/VLK/2018-19/9.10.18
അളവുപുസ്തകം 167/17-18 പ്രകാരം 104518/- രൂപയുടെ ഫൈനൽ ബില്ല് ആണ് അസി.എക്സി.എഞ്ചിനീയർ അംഗീകരിച്ചിട്ടുള്ളത്.എന്നാൽ ട്രഷറിയിൽ നിന്നും 105000/-രൂപ പിൻവലിച്ചിട്ടുണ്ട്.
(കോൺട്രാക്ടർക്ക് -102900, IT- 1050 , KCWWF – 1050 , Total=105000/-)
482/-രൂപ അധികം ചെലവാക്കിയിട്ടുണ്ട്, പരിശോധിച്ച് മറുപടി ലഭ്യമാക്കണമെന്നാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറി നം 13/15.7.2020 ക്ക് മറുപടി നൽകിയിട്ടില്ല. അധികം നൽകിയതുക ഉത്തരവാദിയിൽ നിന്നും തിരികെ ഈടാക്കേണ്ടതാണ്.

# 3-3 പഞ്ചായത്തിലെ ചിറകളുടെ ബണ്ട് കെട്ട്-അധിക തുക അനുവദിച്ചു

അടങ്കൽ-വികസന ഫണ്ട്-2,00,000 + ഗുണഭോക്തൃവിഹിതം (സ്ഥാപനത്തിൽ അടക്കുന്നത്)-30,000 + തനത് ഫണ്ട്-1,00,000 ,
ആകെ = 3,30,000

കരാറുകാരൻ-കെ.കെ.വിൻസന്റ് , കരാർ നം 11/AE,VLK/ 2017-18/28.12.2017

അളവു പുസ്തകം-238/17-18

ചെലവ്- ട്രഷറി ബിൽ നം 35/31.7.2018 , 2,00,000 + തനത് ഫണ്ട് വൗച്ചർ നം 21800462/31.7.18(TSB ch. no.2357009)-72,170 , ആകെ = 2,72,170/-

അളവു പുസ്തകപ്രകാരം ഇനം 1 Filling with contractors own earth....എന്ന പണിയുടെ അളവുകൾ കൂട്ടുമ്പോൾ 186.2 m3 എന്നാണ് ലഭിക്കുന്നത്,എന്നാൽ അളവു പുസ്തകത്തിൽ തെറ്റായി 196.32 m3എന്നു രേഖപ്പെടുത്തി തുക അനുവദിച്ചുകാണുന്നു.

തുക അനുവദിച്ചത്-196.32 m3 x 436.37/ m3 = 85668.16/-

അനുവദിക്കാവുന്നത്- 186.2 m3 x 436.37 / m3 = 81252.09/- . അധികം അനുവദിച്ചത്- 4416/-രൂപ ,
അധികം നൽകിയ തുക ഉത്തരവാദിയിൽ നിന്നും തിരികെ ഈടാക്കേണ്ടതാണ്.

(മേൽ പറഞ്ഞ അപാകതകൾ സംബന്ധിച്ച് പരിശോധിച്ച് മറുപടി ലഭ്യമാക്കാനാവശ്യപ്പെട്ടു നൽകിയ ഓഡിറ്റ് എൻക്വയറി 6/13.7.2020ന് മറുപടി നൽകിയിട്ടില്ല. )

# ഭാഗം -4

# പൊതുവിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

## 4-1 വാർഷികധനകാര്യപത്രിക പരിശോധിച്ചതിന്റെ വിവരം

| വർഷം | സർട്ടിഫിക്കേഷന് കണക്കുകൾ പരിശോധിച്ച തീയതി | സർട്ടിഫിക്കറ്റ് നമ്പർ/ തീയതി |
|---|---|---|
| 2018-19 | 19.07.2019, 20.07.2019 | കെ.എസ്.എ.ടി.എസ്.ആർ (എസ്1)1120/19(79) തീയതി: 08.08.2019 |

## 4-2 സംയുക്ത പ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതം നൽകിയ സ്ഥാപനം | തുക ലഭിച്ച വർഷം | ലഭിച്ച തുക | പ്രൊജക്ടിന്റെ പേര് | ചെലവ് | ബാലൻസ് |
|---|---|---|---|---|---|
| ജില്ലാ പഞ്ചായത്ത് | 2018-19 | 814919 | ലൈഫ് ഭവനനിർമാണം(ജനറൽ) | 814919 | 0 |
| | | 500000 | നെൽകൃഷിക്ക് കൂലിച്ചെലവ് സബ്സിഡി | 500000 | 0 |
| | | 500000 | നടവരമ്പ് കോളനി റോഡ് സൈഡ് കെട്ടൽ (പഞ്ചായത്ത് വിഹിതം നൽകൽ) | 500000 | 0 |
| | | 324000 | കിണർ റീ ചാർജിംഗ്(ജനറൽ) | 108000 | 216000 |

| | | | | | |
|---|---|---|---|---|---|
| | | 300000 | ശാരീരിക മാനസിക വെല്ലുവിളി നേരിടുന്നവർക്ക് പഠനസഹായം | 300000 | 0 |
| | | 200000 | ക്ഷീരകർഷകർക്ക് പാലിന് സബ്സിഡി | 200000 | 0 |
| | | 200000 | തെരുവ് വിളക്കുകൾക്ക് സ്ട്രീറ്റ് മെയിൻ എക്സ്റ്റൻഷൻ | 200000 | 0 |
| | | 200000 | അംഗനവാടി പോഷകാഹാരം | 200000 | 0 |
| ബ്ലോക്ക് പഞ്ചായത്ത് | 2018-19 | 1908548 | ലൈഫ് ഭവനനിർമാണം (പട്ടികജാതി) | 1840000 | 68548 |
| | | 775800 | ലൈഫ് ഭവനനിർമാണം (ജനറൽ) | 771882 | 3918 |
| | | 663000 | നെൽകൃഷിക്ക് കൂലിച്ചെലവ് സബ്സിഡി | 663000 | 0 |
| | | 200000 | ശാരീരിക-മാനസിക വെല്ലുവിളി നേരിടുന്നവർക്ക് പഠനസഹായം | 200000 | 0 |
| | | 200000 | ക്ഷീരകർഷകർക്ക് പാലിന് സബ് സിഡി | 200000 | 0 |
| | | 80000 | വീട് വാസയോഗ്യമാക്കൽ | 80000 | 0 |
| | | 10000 | വൃദ്ധജനങ്ങൾക്ക് കട്ടിൽ-പട്ടികവർഗം | 10000 | 0 |

# 4-3 നിക്ഷേപ പ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ

| ക്രമ നം | നിർവഹണ ഏജൻസി | പ്രവൃത്തിയുടെ പേര് | മുൻകൂർ നൽകിയ തുക | ചെലവഴിച്ച തുക | ചെലവഴിക്കാൻ ബാക്കിയുള്ള തുക | വൗച്ചർ നം./ ബിൽ നം./ തിയതി |
|---|---|---|---|---|---|---|
| 1 | കെ എസ് ഇ ബി | തെരുവ് വിളക്കുകൾക്ക് സ്ട്രീറ്റ് മെയിൻ എക്സ്റ്റൻഷൻ | 2393707 | 0 | 2393707 | 11/11.07.18, 21/11.10.18, 119/9.10.18 |
| 2 | കെ എസ് ഇ ബി | സ്ട്രീറ്റ് മെയിൻ ദീർഘിപ്പിക്കൽ | 176528 | 0 | 176528 | ലഭ്യമല്ല |
| 3 | കെ എസ് ഇ ബി | ഗതാഗത തടസ്സം സൃഷ്ടിക്കുന്ന ഇലക്ട്രിക് | 59570 | 0 | 59570 | ലഭ്യമല്ല |

| | | | | | | |
|---|---|---|---|---|---|---|
| | | പോസ്റ്റുകൾ മാറ്റി സ്ഥാപിക്കൽ | | | | |

# 4-4 മൊബിലൈസേഷൻ അഡ്വാൻസ്

ഇല്ല.

# 4-5 വായ്പ/വായ്പ തിരിച്ചടവ്

വായ്പാ, വായ്പാ തിരിച്ചടവ് എന്നിവ സംബന്ധിച്ച വിവരങ്ങൾ താഴെ ചേർക്കുന്നു.

| വായ്പയുടെ പേര്/ ഉദ്ദേശ്യം | ഉത്തരവ് നം/ തിയതി | വായ്പാ തുക | വർഷാരംഭത്തിൽ തിരിച്ചടയ്ക്കാൻ ബാക്കിയുണ്ടായിരുന്ന തുക | തൻവർഷം തിരിച്ചടച്ച തുക | വർഷാവസാനം തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|
| ഇ എം എസ് ലോൺ | 943/12,29-3-2012 | 6507500 | 690000 | 690000 | 0 |

# 4-6 സ്ഥിരനിക്ഷേപങ്ങൾ

| | |
|---|---|
| വർഷാരംഭത്തിൽ ഉണ്ടായിരുന്ന സ്ഥിര നിക്ഷേപം | 20000 |
| തൻവർഷം നിക്ഷേപിച്ച തുക | 0 |
| ആകെ | 20000 |
| തന്നാണ്ടിൽ പിൻവലിച്ച തുക | 0 |
| വർഷാവസാനം അവശേഷിക്കുന്ന സ്ഥിരനിക്ഷേപം | 20000 |

# 4-7 ഓഡിറ്റ് റിക്കവറി

ഇല്ല.

# 4-8 സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം

| ഓഡിറ്റ് വർഷം | ഖണ്ഡിക | സമാഹൃത റിപ്പോർട്ട് വർഷം | ഖണ്ഡിക | വിഷയം | ഇപ്പോഴത്തെ അവസ്ഥ |
|---|---|---|---|---|---|
| | | | | | |

| | | | | | |
|---|---|---|---|---|---|
| 2006-07 | 3.53.3 | 2006-07 | 3.53.3 | കുടിവെള്ള-ജലസേചന പദ്ധതികളുടെ തുടർ ചെലവുകൾ തനത്ഫണ്ടിൽ നിന്നും നൽകി | വിശദീകരണ പത്രിക സമർപ്പിച്ചിട്ടുണ്ട്. |
| 2014-15 | 2(1) | 2014-15 | 2(1) | തൊഴിൽനികുതി സംബന്ധിച്ച് | തുക ഈടാക്കിയിട്ടുണ്ട്. വിശദീകരണ പത്രിക സമർപ്പിച്ചിട്ടുണ്ട്. |
| 2015-16 | 2(4) | 2015-16 | 2(1) | തൊഴിൽ നികുതി സംബന്ധിച്ച് | തുക ഈടാക്കിയിട്ടുണ്ട്. വിശദീകരണ പത്രിക സമർപ്പിച്ചിട്ടുണ്ട്. |

# 4-9 ചാർജ് /സർചാർജ് നടപടികളുടെ വിവരം

ഇല്ല

# 4-10 ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം

| | |
|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | 94084353 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | 89034801 |
| വരവിനങ്ങളിലുള്ള നഷ്ടം | ഇല്ല |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | 25379 |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | ഇല്ല |

(ബി). പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക നമ്പർ | നഷ്ടമായ തുക | | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|---|
| | ചാർജ് ചെയ്യാവുന്നവ | സർചാർജ് ചെയ്യാവുന്നവ | |
| 3-1 | | 20481 | ഗിരിജ.പി.ബി. അസിസ്റ്റന്റ് എഞ്ചിനീയർ |
| 3-2 | | 482 | „ |
| 3-3 | | 4416 | „ |

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

ഇല്ല

(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

ഇല്ല

(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഇല്ല

(ഇ)റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിന് / തടസ്സത്തിന് ഉത്തരവാദികളായവരുടെ പേരും സ്ഥിരം മേൽവിലാസവും

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| ഗിരിജ.പി.ബി | ലഭ്യമല്ല | ഗിരിജ പി.ബി, കുനിപ്പറമ്പിൽ ഹൗസ്, അരിപ്പാലം.(പി ഒ) |

# 4-11 തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ

| വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം |
|---|---|
| 67-68 | എൽ.എഫ്.ടി.എസ്.2-1391/11/ തിയതി 26.07.2011/ 23.10.2011 |
| 71-72 | |
| 72-73 | |
| 73-74 | |
| 74-75 | |
| 75-76 | |
| 76-77 | |
| 77-78 | |
| 80-81 | |
| 81-82 | |
| 82-83 | |
| 83-84 | |
| 85-86 | |
| 86-87, 87-88 | |
| 88-89 | |
| 89-90 | |
| 90-91 | |
| 91-92 | |
| 92-93,93-94 | |

| | |
|---|---|
| | എൽ.എഫ്.ടി.എസ്.2-1391/11/<br>തിയതി26.07.2011/23.10.2011 |
| 96-97 | എൽ.എഫ്.ടി.12-340/98/15.12.1998 |
| 97-98 | എൽ.എഫ്.ടി.9-815/99/12.01.2000 |
| 98-99 | എൽ.എഫ്.ടി.9-599/2000/02.09.2000 |
| 99-00 | എൽ.എഫ്.ടി.9-478/01/06.07.2001 |
| 2000-<br>01 | എൽ.എഫ്.ടി.9-898/02/08.03.2002/31.03.2003 |
| 01-02 | എൽ.എഫ്.ടി.9-898/02/08.03.2002/31.03.2003 |
| 02-03 | എൽ.എഫ്.ടി.(പി.1)-493/12/29.02.2012/28.03.2012 |
| 03-04 | എൽ.എഫ്.ടി.9-1447/05/11.01.2006/25.05.2006 |
| 04-05 | എൽ.എഫ്.ടി.9-1678/08/26.08.2010 |
| 05-06 | എൽ.എഫ്.ടി.9-1679/08/28.08.2010/12.11.2010 |
| 06-07 | എൽ.എഫ്.ടി.9-638/10/15.12.2010/01.08.2011 |
| 07-08 | എൽ.എഫ്.ടി.പി.2- 576/12/22.09.2012/28.11.2012 |
| 08-09 | എൽ.എഫ്.ടി.പി.-577/12/03.09.2012/28.11.2012 |
| 09-10 | എൽ.എഫ്.ടി.പി.2-578/12/04.09.2012/28.11.2012 |
| 10-11 | എൽ.എഫ്.ടി.പി.2-579/12/04.09.2012/28.11.2012 |
| 11-12 | എൽ.എഫ്.ടി.പി.1-894/2013/02.01.04 |
| 12-13 | എൽ.എഫ്.ടി.(പി.1)-1027/14 /04.02.14/1.04.15 |
| 13-14 | കെ.എസ്.എ.ടി.എസ്.ആർ(പി1)194/16/18.2.2016 |
| 14-15 | കെ.എസ്.എ.ടി.എസ്.ആർ(പി1)1226/16,24.7.16/30.7.2016 |
| 15-16 | കെ.എസ്.എ.ടി.എസ്.ആർ(പി1)2148/16,31.1.17/ 13.2.17 |
| 16-17 | കെ.എസ്.എ.ടി.എസ്.ആർ(പി1) 1518/2017/<br>തി.30.11.17/16.12.17 |
| 17-18 | കെ.എസ്.എ.ടി.എസ്.ആർ(പി1)1777/2018 തീ. 16.01.2019 |

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം
തൃശ്ശൂർ

# <u>അനുബന്ധം-1 ഓഡിറ്റ് സർട്ടിഫിക്കറ്റ്</u>

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിലെ 4-ാം വകുപ്പ് 1994 ലെ കേരള പഞ്ചായത്ത് രാജ് നിയമത്തിന്റെ 215-ാം വകുപ്പ് ഇവ അനുസരിച്ചും പഞ്ചായത്ത് രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിന് വേണ്ടി കംപ് ട്രോളർ ആന്റ് ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾ അവലംബിച്ചും തൃശ്ശൂർ ജില്ലയിലെ വേളൂക്കര ഗ്രാമപഞ്ചായത്തിന്റെ 2018-19 വർഷത്തെ വാർഷിക ധനകാര്യ സ്റ്റേറ്റ്മെന്റ് പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

എന്റെ റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ എന്റെ അഭിപ്രായത്തിൽ വേളൂക്കര ഗ്രാമപഞ്ചായത്തിന്റെ 2018-19 ലെ വാർഷിക ധനകാര്യ പത്രിക വരവ് ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം
തൃശ്ശൂർ

# <u>അനുബന്ധം-2 ഓഡിറ്റ് സംക്ഷിപ്തം</u>

<table>
<tr><td>1</td><td>റസീപ്റ്റ് & പേയ്മെന്റ് സ്റ്റേറ്റ്മെന്റ്</td><td rowspan="3">സംക്ഷിപ്തം (Audited Abstract)</td></tr>
<tr><td>2</td><td>ഇൻകം & എക്സ്പെൻഡിച്ചർ സ്റ്റേറ്റ്മെന്റ്</td></tr>
<tr><td>3</td><td>ബാലൻസ് ഷീറ്റ്</td></tr>
</table>

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം
തൃശ്ശൂർ